Registered No. M-4485 Madras War Review, Malayalam—18-8-1944

# യുദ്ധസഞ്ചിക

വോള്യം III] മദിരാശി: 1944 ആഗസ്റ്റ് 18-ാംനു, വെള്ളിയാഴ്ച [ലക്കം 50



## പൂർണ്ണ വിജയം നമ്മുടെ മുന്നിൽ കാണുന്നു

അമേരിക്കക്കാർ, ബ്രിട്ടീഷുകാർ, കനഡക്കാർ, സ്വതന്ത്ര ഫ്രെഞ്ചുകാർ, പോളണ്ടുകാർ മുതലായ പല രാജ്യവാസികളും ഒത്തുചേർന്ന് ഉരുക്കിവാർത്തിട്ടുള്ള ഒന്നാന്തരം ഒരു യുദ്ധയന്ത്രമാണ് നാം. നമ്മളെല്ലാവരും ഒരേ ഒരു ലക്ഷ്യത്തെ നോക്കിയാണ് പ്രവൃത്തിയെടുക്കുന്നതും.

ഇന്ന് എല്ലാം മംഗളമായിരിക്കുന്നു. നമ്മുടെ സൈന്യങ്ങൾ അതിധീരതയോടും അതിവേഗത്തിലുമാണ് ഫ്രാൻസിലേക്കു കയറുന്നത്.

ആഗസ്റ്റ്മാസം. അത്യുഷ്ണം. പോർക്കളത്തിൽ നടക്കുന്ന പോരിന്റെ ശക്തികൊണ്ട് പൊടിനിറയുന്നു. ഇങ്ങിനെയുള്ള പരിസരങ്ങളിൽ വിചാരിച്ചപോലെ മുന്നോട്ടു പോകാൻ സാധിച്ചുവെന്ന് വരികയില്ല. എന്നാൽ ഇപ്പോഴത്തെ ഓരോ നിമിഷവും അതിഗൌരവമായിട്ടുള്ളതാകുന്നു. പൂർണ്ണവിജയം പ്രത്യക്ഷമായി പുരോഭാഗത്ത് കാണ്മാൻ തുടങ്ങിയിരിക്കുന്നു. അതിവേഗത്തിൽ ഇത് പ്രാപ്തമാവുമെന്നും കാണുന്നുണ്ട്. നാം ധീരത വിടരുതെന്നുമാത്രമെ ഉള്ളൂ.

അതിനാൽ യാതൊരമാന്തം വരുത്താതേയും പൂർവ്വാധികം ശക്തിയോടും കൂടി യുദ്ധം തുടർന്നുപോകതന്നെ.

—ജനറൽ മണ്ട്ഗോമറി, ആഗസ്റ്റ് 11-ാം തിയ്യതി, സൈന്യങ്ങൾക്കു കൊടുത്ത ഒരു സന്ദേശത്തിൽനിന്ന്

വിഷയവിവരം


| | ഭാഗം | | ഭാഗം |
|---|---|---|---|
| പൂർണ്ണവിജയം നമ്മുടെ മുന്നിൽ കാണുന്നു .. | 1 | കൊയ്ത്തിന്റെ തിയ്യതി അറിയിക്കുക .. .. | 6 |
| മഹദ്വാക്യങ്ങൾ : മിത്ഥ്യയാകയില്ല .. .. | 2 | ജപ്പാനിൽ : സിസാക്ക ഡിയോസി .. .. | 7 |
| ആഴ്ചക്കുറിപ്പുകൾ .. .. .. | 3, 4, 8 | ധാന്യ സംഭരണവും വിതരണവും .. .. | 9, 12 |
| പ്രത്യേക ലേഖനങ്ങൾ .. .. .. | 5, 6 | സാമൂതിരിയും കുഞ്ഞാലിമരക്കാരും : കരിമ്പുഴ രാമ കൃഷ്ണൻ, എം എ , എൽ.ടി. | 10, 11, 12 |


# മഹദ്വാക്യങ്ങൾ : മിത്ഥ്യയാകയില്ല

## ശത്രുക്കളോടുള്ള മര്യാദ

"ശത്രുക്കൾ യുദ്ധം ചെയ്യുമ്പോളാകട്ടെ, പോർക്കളത്തിൽനിന്നു പിൻതിരിഞ്ഞോടുമ്പോളാകട്ടെ, പകൽസമയത്താകട്ടെ, രാത്രിയിലാകട്ടെ, അവരെ ബോംബിട്ടു തുലക്കേണമെന്നായിരിക്കണം ഓരോ വൈമാനികന്റെയും നിശ്ചയം. അവക്ക് യാതൊരു രക്ഷയും കൊടുത്തുപോകരുത്. ശത്രുസൈന്യങ്ങൾ ഒരു വഴിയിൽകൂടിയും ഒളിച്ചുമാറിപ്പോകാനിടവരരുതെന്നും, കടൽവഴിയായി അവക്ക് യാതൊരു നിവൃത്തിമാർഗ്ഗങ്ങളും വന്നുചേരരുതെന്നും ഓരോ യോദ്ധാവും നിഷ്കർഷയായി കരുതിപ്പോരണം. ഏതു യോദ്ധാവും തനിക്കു നിശ്ചയിച്ച കർമ്മത്തിന്നു കോപ്പിട്ടു പുറപ്പെട്ടാൽ പിന്നെ ശത്രു ജീവിച്ചിരിക്കേണമെങ്കിൽ കീഴടങ്ങുകകൊണ്ടേ സാദ്ധ്യമാവു എന്നു ഉറപ്പിക്കണം. കരസ്ഥമായ ഒരിഞ്ചു സ്ഥലംപോലും പിന്നീട്ട കൈവിടാനിടവരരുതെന്നും, ഒരു സൈന്യനിര സ്ഥാപിച്ചുകഴിഞ്ഞാൽ അതിൽകൂടി യാതൊരു ജർമ്മനും രക്ഷപ്പെട്ടുപോകരുതെന്നും ഓരോ യോദ്ധാവും ദൃഢമായി മനസ്സിരുത്തണം."

—ജനറൽ ഐസ്നോവർ തന്റെ സൈന്യങ്ങളോട്

## തല്ലു കൊള്ളാനുള്ള തടിയുണ്ട്

"ജർമ്മൻകാർക്കു തല്ലു കൊള്ളാനുള്ള തടിയുണ്ട്. എന്നാൽ യുദ്ധം അല്പദിവസങ്ങൾക്കുള്ളിൽ കഴിയുമെന്നു വിചാരിക്കുന്നവർ അവരുടെ ആഗ്രഹം പറയുന്നുവെന്നേ ഉള്ളൂ. ഇന്നത്തെ യുദ്ധസ്ഥിതി നമ്മുടെ കാര്യപരിപാടിയിൽ ഒരു പദ്ധതി പൂർത്തിയായെന്നുള്ളതു മാത്രമാണ്. നമ്മുടെ യുദ്ധരംഗത്തിൽ പങ്കെടുക്കുന്ന ജർമ്മൻ സൈന്യം നാം കൊടുക്കുന്ന പരുത്ത പ്രഹരങ്ങൾ കെല്പോടുകൂടിനിന്നു കൊള്ളുന്നുണ്ടെന്നുള്ളതിന്നു യാതൊരു സംശയവുമില്ല. ഇനി ഇവിടുന്നങ്ങോട്ടുള്ള യുദ്ധഗതിയിൽ ഇതേവരെ നമുക്കു സിദ്ധിച്ച വിജയങ്ങൾപോലുള്ള അനവധി വിജയങ്ങൾ ഉണ്ടാകണം. നമ്മുടെ ഉദ്ദേശങ്ങളനുസരിച്ചുള്ള വിജയങ്ങൾ വന്നുചേരുന്നുണ്ടെങ്കിലും ജർമ്മനിയുടെ അതൃത്തിയായ റൈൻനദീതീരത്തുനിന്നു ഇനിയും നാം വളരെ അകലെയാണെന്നു മറക്കരുത്."

—ജനറൽ ഐസ്നോവർ

## ദൈവസൃഷ്ടിയിൽ വിശേഷപ്പെട്ടതു്

"ഇംഗ്ലണ്ടിലെ ഒരു സാധാരണക്കാരൻ ഭൂമിയിലെ ദൈവസൃഷ്ടിയിൽവെച്ചു ഏററവും വിശേഷപ്പെട്ട സാധനമാണ്. സത്യധർമ്മനിഷ്ഠയിൽ അദ്ദേഹം അഗ്രഗണ്യനുമാകുന്നു."

—സേർ ഫിറോസ്ഖാൻ നൂൺ

## യുദ്ധത്തിൽ പരാജയം വന്നുകഴിഞ്ഞു

"യുദ്ധത്തിൽ ജർമ്മനിക്കു പരാജയം വന്നുകഴിഞ്ഞു. ഹിററ്ലറുടെ കല്പനയെ നിറവേററിക്കൊണ്ടു സ്ററാലിൻഗ്രാഡിൽവെച്ചുണ്ടായ യുദ്ധത്തിൽ ജർമ്മനിക്കു ഗുണകരമായവിധം സമരം അവസാനിപ്പിക്കേണ്ടതിന്നു ഞാൻ വളരെ ശ്രമിച്ചു. അങ്ങിനെ ശ്രമിച്ചാലെങ്കിലും ജർമ്മൻസൈന്യ നേതൃത്വസമിതിക്കു യുദ്ധം ജർമ്മനിക്കു ശുഭമായി കലാശിപ്പിക്കാൻ സാധിച്ചെങ്കിലോ എന്നു കരുതിയാണ് ഞാൻ അതു ചെയ്തതു്."


—ഫീൽഡ് മാർഷൽ പോളസ്, മോസ്കോവിൽനിന്ന്

## ആഴ്ചക്കുറിപ്പുകൾ

മി. ചർച്ചിൽ ഇററലിയൻ രംഗം സന്ദർശിച്ചുവെന്നുള്ളതു് ഈയാഴ്ചയിലെ ഒരു വലിയ വർത്തമാനമാണു്. എന്നാൽ അതിലും വലിയ വർത്തമാനമാണു് ഫ്ലോറൻസ് നഗരിക്കു ജർമ്മൻ നാസികളിൽനിന്നു് മോചനം ലഭിച്ചുവെന്നുള്ള വർത്തമാനം. ഐക്യകക്ഷികളുടെ സൈന്യശക്തികൊണ്ടു ഫ്ലോറൻസിന്നു് മോചനം വന്നുവെന്നു പറയുന്നതിലും എത്രയോ ഉപരിയായിട്ടുള്ള ശേഷ്ഠതയുണ്ടു് ഈ നഗരിക്കു യഥാർത്ഥത്തിൽ വന്ന മോചനമാർഗ്ഗത്തിനെന്നു് പറയാതെ കഴികയില്ല. നാസികൾക്കു വിരോധമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഇററലിയിലെ സ്വാതന്ത്ര്യകാംക്ഷികളാണു് ജർമ്മൻസൈന്യങ്ങൾ കണ്ടുകൊണ്ടിരിക്കെ ഐക്യകക്ഷിസൈന്യങ്ങളെ സഹായിച്ചിരുന്നതും, തന്മൂലം ഫ്ലോറൻസിന്നു് മോചനം വരുത്തിയതും. ഈ നഗരിയിലെ ജനങ്ങൾ എട്ടു ദിവസമായി ഭക്ഷണം കഴിക്കാതിരുന്നതിനാൽ ഐക്യകക്ഷി സൈന്യങ്ങൾക്കു ആദ്യം ഇവിടെ നടത്തേണ്ടുന്ന കർമ്മം ഭക്ഷണം കൊടുക്കലാണു്.

### യുദ്ധത്തിൽ പുതിയ പദ്ധതി

നേതാക്കന്മാരുടെ പ്രസംഗങ്ങളും, ഓരോ രംഗങ്ങളിലും നടക്കുന്ന സംഭവങ്ങളും നോക്കിയാൽ യുദ്ധത്തിന്റെ മൂർദ്ധന്യം എത്തുവാൻ വളരെ താമസമുണ്ടെന്നു് തോന്നുന്നില്ല. കഴിഞ്ഞുപോയ സംഭവങ്ങളുടെ ഗതി നോക്കിയാലും യുദ്ധത്തിൽ പുതുതായ ഒരു പദ്ധതിയുടെ കാലമാണിപ്പോളെന്നു് പറയാതെ കഴികയില്ല. റോമാ നഗരി ഐക്യകക്ഷിസൈന്യങ്ങൾ പിടിച്ചപ്പോളാണു് രണ്ടാം യുദ്ധരംഗം ആരംഭിച്ചതു്. ഇപ്പോൾ ഇററലിയിൽ റോമിനേക്കാൾ ഒട്ടും അപ്രധാനമല്ലാത്ത ഫ്ലോറൻസിനെ ഐക്യകക്ഷികൾ പിടിച്ചിരിക്കുന്നു. ഈ വിജയം പുതുതായി ചില യുദ്ധപദ്ധതികൾക്കു കാരണമാവാൻ സൌകര്യമായിട്ടുള്ളതാണു്. മി. ചർച്ചിലും, മാർഷൽ



ജനറൽ ഐസ്‌നോവറും ജനറൽ മണ്ട്ഗോമറിയും

ടൈറേറാവും മററു് നേതാക്കന്മാരും ഇററലിയിൽവെച്ചു കൂടിക്കാഴ്ച കഴിഞ്ഞിരിക്കുന്നു. ഫ്രാൻസിന്റെ തെക്കൻ പ്രദേശങ്ങളേയോ, ബാൾക്കൻസ് പ്രദേശത്തേയോ ആക്രമിക്കാനുള്ള പ്ലാൻ ഐക്യകക്ഷികൾ തെയ്യാറാക്കിട്ടുണ്ടോ എന്തോ?

### മിനുസം വരുത്തുന്നു

വലിയ സംഭവങ്ങളുടെ പ്രാരംഭമായിരിക്കുന്നു. എന്നാൽ കാര്യപരിപാടിയെപററി യാതൊന്നും കേൾപ്പാനില്ല. പ്രധാനമന്ത്രി മി. ചർച്ചിലിന്റെ ഇററലിയിലേക്കുള്ള സക്കീട്ടും, പ്രസിഡെൻറ് റൂസ്‌വെൽട്ടിന്റെ പാസിഫിക്ക് രംഗ സന്ദർശനവും ഐക്യകക്ഷികളുടെ കാര്യപരിപാടിക്കു ഒടുവിൽ കൊടുത്ത മിനുപ്പുളി പ്രയോഗംപോലെ തോന്നുന്നു. നേതാക്കന്മാരുടെ പര്യടനങ്ങളൊന്നും അത്ഥമില്ലാതെകണ്ടുള്ളവയല്ല; അവർ രാജ്യങ്ങൾ കാണുവാൻവേണ്ടി സക്കീട്ടു് ചെയ്കയുമില്ല. ശത്രുക്കൾക്കു ഈ സംഗതി നല്ലവണ്ണം അറിയാം; ശത്രു കിഴക്കൻ ഫാസിസ്റ്റുകാരനായാലും വേണ്ടില്ല, പടിഞ്ഞാറൻ ഫാസിസ്റ്റുകാരനായാലും വേണ്ടില്ല, ബദ്ധപ്പെട്ടുകൊണ്ടുള്ള നേതാക്കന്മാരുടെ ഇത്തരം സക്കീട്ടുകൾ ജർമ്മൻകാരെയും ജാപ്പാൻകാരെയും പരിഭ്രമിപ്പിക്കാൻ പര്യാപ്തമാകുന്നതിന്നു പുറമെ, പ്രാധാന്യേന അവ ഐക്യകക്ഷികളുടെ കർമ്മത്തിലുള്ള ഐക്യതയെയാണു് പ്രത്യക്ഷമാക്കുന്നതു്. ഈ സന്ദർഭത്തിൽ വൈസറോയി അടുത്ത അവസരത്തിൽ ഇംഫാൽ രംഗം സന്ദർശിച്ചതും സ്മരണീയമാണു്. ഇതെല്ലാം ഒരു ചിത്രത്തിന്റെ നാനാഭാഗങ്ങളാണെന്നുമാത്രം. യുദ്ധം ലോകമൊട്ടാകെ നടക്കുന്ന ഒന്നാണെങ്കിലും പലേ രംഗങ്ങളിലും പലേ വിധത്തിലുള്ള പ്രവർത്തനങ്ങളും നട

ക്കുന്നുണ്ടെങ്കിലും, കാര്യപരിപാടിയും കർമ്മവും ഒന്നാണെന്നു് ഈ സംഭവങ്ങൾ വെളിവാക്കുന്നു.

ഈ യുദ്ധം ഒരു ഭൂഗോളയുദ്ധമാണെന്നു് തീർച്ചയായും പറയാം. വാസ്തവത്തിൽ യുദ്ധത്തിന്റെ പൂർണ്ണ ഗൌരവം മനസ്സിലാക്കുവാൻ ഒരു ഗോളം മുമ്പിൽവെച്ചു നോക്കിയാൽ മാത്രമെ സാദ്ധ്യമാവൂ. ഈ സംഗതി അധികമായി പ്രത്യക്ഷപ്പെടുന്നതു് ശാന്തസമുദ്രരംഗത്തിലാണു്. ഹോണോലുലു അമേരിക്കയിൽനിന്നു് 2,098 നാഴിക ദൂരെയാകുന്നു. എന്നാൽ ഇവിടെനിന്നു് പുറപ്പെട്ടു് പാഴായും അലറിയും കിടപ്പുള്ള ശാന്തസമുദ്രത്തിന്റെ നടുവിൽകൂടി അമേരിക്കൻ കടൽപടയും സാമാനക്കപ്പലുകളുടെ സംഘങ്ങളും നാലായിരം നാഴികയോളം സഞ്ചരിച്ചു, മാർഷൽ ദ്വീപുകൾ, മരിയാനാ ദ്വീപുകൾ മുതലായ സ്ഥലങ്ങളെ കൈവശപ്പെടുത്തി, ഇപ്പോൾ ജാപ്പാന്റെ ഏററവും അടുത്തുകിടപ്പുള്ള ബോണിൻ ദ്വീപുകളിലും എത്തിയിരിക്കുന്നു. ഇനിയും അമേരിക്കയുടെ കടൽസൈന്യത്തിന്റെയോ വിമാനസൈന്യത്തിന്റെയോ പൂർണ്ണശക്തി അറിവാൻ സാദ്ധ്യമല്ല. അമേരിക്ക നേടിയ വിജയത്തിനു് ഒരു അതിയായ മേന്മയുണ്ടു്. അലാസ്കയിൽകൂടിവെട്ടിക്കൊണ്ടുവരുന്ന റോഡു് മിക്കവാറും പൂർത്തിയായിരിക്കുന്നുവെന്നാണു് പ്രസിഡെണ്ടു് റൂസ്‌വെൽട്ടു് പ്രസ്താവിച്ചതു്. ജാപ്പാന്റെ നേരെയുള്ള ചവണപ്രയോഗം ഇതുകൊണ്ടു പൂർത്തിയായേക്കാം. ചവണയുടെ ഒരു കൈ വടക്കു് അല്യൂഷ്യൻ ദ്വീപുകളിൽകൂടിയും, മറേറക്കയ്യു് ബോണിൻ ദ്വീപുകളിൽകൂടിയും ജാപ്പാന്റെ സാമ്രാജ്യത്തെ കുടുക്കിയേക്കാം.

ജാപ്പാൻ അധികമായി ഭയപ്പെടുന്ന കാര്യങ്ങൾ ഓരോന്നോരോന്നായി സംഭവിച്ചു തുടങ്ങിയിരിക്കുന്നു. ജാപ്പാൻ നഗരികൾ മേലുള്ള ആക്രമണം; കടലിൽകൂടി സ്വാതന്ത്ര്യത്തോടുകൂടിയുള്ള ഗതാഗതത്തിന്നു തടസ്ഥം; ഒരു കടൽയുദ്ധം; ഇവയെല്ലാം സംഭവിച്ചുതുടങ്ങി. വലുതായ ഒരു കടൽയുദ്ധം ഇനി അധികകാലത്തേക്കു് നീട്ടിവെക്കാൻ നിവൃത്തിയുമില്ല. ജർമ്മനിക്കുള്ളപോലെത്തന്നെ ജാപ്പാനും താൻ സൈന്യശക്തിയിൽ ഐക്യകക്ഷികളേക്കാൾ മോശമാണെന്നുള്ള ഒരു ഭാവമുണ്ടു്. അതുകൊണ്ടാണു് തന്റെ യോഗ്യതയെപ്പററി വലുതായ ചമ്പുകളെല്ലാം രണ്ടുകൂട്ടരും എപ്പോഴും കൊട്ടിഘോഷിക്കുന്നതു്. അതിനാൽ ജപ്പാന്റെ ചായം കഴിയുന്ന വേഗത്തിൽ പുറത്താക്കേണ്ടിയിരിക്കുന്നു; അങ്ങിനെ ചെയ്യാതിരിക്കുന്ന കാലത്തോളം ജാപ്പാൻ ഗവർമ്മെണ്ടിന്റെ ദുർന്നയങ്ങൾക്കെല്ലാം പൊതുജനങ്ങളുടെ അനുമതി ലഭിക്കാതിരിക്കയില്ല. പക്ഷെ, നാഗസാക്കിയിൽ ഉണ്ടായ ബോംബിങ്ങ്കൊണ്ടു് ജാപ്പാനിലെ ആളുകൾക്കു് ഒരുണർവ്വു വന്നുകഴിഞ്ഞു. ഇനി അടുത്തതേതായിരിക്കുമെന്നു് അവർ പരിഭ്രമത്തോടുകൂടി അന്വേഷിക്കുവാനും തുടങ്ങിയിരിക്കുന്നു. ഇതിന്നുപുറമെ ശാന്തസമുദ്രത്തിലുള്ള പല ദ്വീപുകളിലായി കുടുങ്ങിക്കിടപ്പുള്ള അനേകായിരം ജാപ്പാൻ ഭടന്മാരുടെ പട്ടിണികൊണ്ടു് മരണദിവസം പ്രതീക്ഷിച്ചുകൊണ്ടുള്ള ജീവിതം ജാപ്പാനിലെ ജനങ്ങൾ ഒന്നറിഞ്ഞാൽമതി. അതും പൊതുജനങ്ങളുടെ മനോഭാവത്തിന്നു് വേണ്ട മാററം വരുത്തിക്കൂട്ടും. ഇതിന്നെല്ലാം പുറമെ പ്രസിഡെണ്ടു് റൂസ്‌വെൽട്ടു് അമേരിക്കയുടെ സൈന്യശക്തിക്കണക്കു് പറഞ്ഞതതിൽ 100 വിമാനവാഹിനിക്കപ്പലുകൾ തന്നെയുണ്ടെന്നു് പറഞ്ഞിരിക്കുന്നു. ജാപ്പാനിൽ താമസിപ്പാൻ ഇഷ്ടമില്ലെന്നു് വരുത്തേണ്ടതിന്നു ജനങ്ങൾക്കു് ഈ ഏകസംഗതി മനസ്സിലായാൽ മതിയെല്ലോ.

## റൂസ്‌വെൽട്ടിന്റെ പ്രസംഗം

പ്രസിഡെണ്ടു് റൂസ്‌വെൽട്ടു് ശാന്തസമുദ്രരംഗത്തിൽ നടത്തിയ പര്യടനത്തിന്നുശേഷം വാഷിങ്ങ്ടണിൽവെച്ചു കഴിഞ്ഞാഴ്ച ഒരു പ്രസംഗം ചെയ്തു. ഗോഡൽകനാൽ, ന്യൂഗിനിയാ, മാർഷൽസ്, മരിയാനാസ് എന്നീ ദ്വീപുകൾ ഓരോന്നോരോന്നായി പിടിച്ചതിനാൽ, മേലിൽ അവിടങ്ങളിൽനിന്നു്, ചൈന, ഫിലിപ്പൈൻസ് എന്നീ സ്ഥലങ്ങളെ ആക്രമിക്കുവാനും, ജാപ്പാനെത്തന്നേയും ടോക്കിയോ നഗരിയെയും തകർക്കുവാനും സാധിക്കുന്നതാണെന്നു് പ്രസംഗമദ്ധ്യേ അദ്ദേഹം പ്രസ്താവിച്ചു. ജാപ്പാൻ മന്ത്രിസഭ, കോയിസോ കമ്പനികാർക്കു, ഇതു് രുചിക്കുമോ? ജാപ്പാന്റെ വാക്കിന്നു് വ്യവസ്ഥയില്ല; ജാപ്പാനു് നാണവും മാനവുമില്ല; എന്നാണു് പ്രസിഡെണ്ടു് ജാപ്പാനു കൊടുത്ത ആശംസ! ജാപ്പാൻകാരിൽനിന്നുള്ള ഭീതി ഇല്ലാതെയായാൽ ശാന്തസമുദ്രത്തിൽ യാതൊരു സമാധാനക്കേടും ഉണ്ടാകുന്നതുമല്ല. ശാന്തസമുദ്രരംഗത്തിലുള്ള മററു് ജനസമുദായങ്ങൾ എത്രയൊ ശാന്തബുദ്ധിയുള്ളവരാണു്; ഇവക്കു ജാപ്പാന്റെ പേരിൽ വിശ്വാസമില്ല. യഥാർത്ഥത്തിൽ ജാപ്പാൻ ഒരു മര്യാദക്കാരന്റെ ലിസ്റ്റിൽപെടുവാൻ വളരെ കാലം കഴിയേണ്ടിവരുമെന്നാണു് പ്രസിഡെണ്ടിന്റെ വിവക്ഷ.

## ബർമ്മയിലെ ദൃഢമായ പുരോഗതി

കാലാവസ്ഥകൊണ്ടു് ഘനംചേരുന്ന പ്രതിബന്ധങ്ങൾ ബർമ്മയിൽ പുരോഗതി പ്രാപിച്ചുവരുന്ന ഐക്യ

(ശേഷം 8-ാം പേജിൽ)

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ആഗസ്റ്റ് 18-ാംനു, വെള്ളിയാഴ്ച

## വീരസാഹോദര്യം

സ്വാതന്ത്ര്യസ്ഥാപനത്തിന്നായി, പണ്ടു് ശ്രീകൃഷ്ണൻ ധർമ്മസംസ്ഥാപനത്തിനെന്നപോലെ, കച്ചകെട്ടി പുറപ്പെട്ട സൈന്യവ്യൂഹങ്ങൾ ലോകത്തിൽ എവിടെ നോക്കിയാലും വിജയകല്ലോലമൌലികളിൽ നടനംചെയ്തുകൊണ്ടു കാണപ്പെടുന്നു. വിശിഷ്യ ഈ സ്ഥിതി കാണുന്നതു് ഫ്രാൻസിലാണു്. ഹിററ്ലറുടെ ഏററവും മികച്ച സൈന്യം ഒരു ലക്ഷം ശോണിതവുമണിഞ്ഞുകൊണ്ടു് ഈ രംഗത്തിൽ കിടക്കുന്നു. അസ്വതന്ത്രയായ ഫ്രാൻസിനെ കാരാഗൃഹത്തിൽനിന്നു മോചനം വരുത്തുന്ന സന്ദർഭം അടുത്തു. അതിഗംഭീരമായ സൈന്യശക്തിക്കു് നേതൃത്വം വഹിച്ച ജനറൽ ഐസ്ങ്നോവറുടെ കൈവശമാണു് ഈ കാരാഗൃഹത്തിന്റെ താക്കോൽ. ഫ്രാൻസിനെ മാത്രമല്ല, യൂറോപ്പിനെ മുഴുവനും, ലോകത്തിനെ ഒട്ടാകേയും മോചിപ്പിക്കുന്ന ശുഭമുഹൂർത്തംവരെക്കും അദ്ദേഹത്തിന്റെയും സൈന്യങ്ങളുടെയും പുരോഗതിക്കു് പരിണാമം വരുന്നതല്ല.

"വിജയം കുറിക്കുന്ന വി" എന്നുള്ള മുദ്രാവാക്യം ബി.ബി.സി. ആരംഭിച്ചതു് യൂറോപ്പിലുള്ള അനവധി കോടി ജനങ്ങൾക്കു് ധൈര്യം നൽകി. യൂറോപ്പിലെ ത്യാഗരാജരെന്നു് അഭിമാനിക്കപ്പെടുന്ന സംഗീത വിദഗ്ദ്ധൻ ബീത്തോവൻ എഴുതിയ കീർത്തനപരമ്പരയിൽനിന്നു് പറിച്ചതായ ഈ വാക്യം യൂറോപ്പിലെ എത്രയെത്ര കോടി ജനങ്ങൾക്കു് ശത്രുവിന്റെ പടിവാതില്ക്കൽ വിധി ചെന്നു് തട്ടുന്ന ശബ്ദം കേൾപ്പിച്ചിട്ടില്ല! യൂറോപ്പിലെ ഏതു രാജ്യത്തിലാണിപ്പോൾ ഗ്രുഢസൈന്യങ്ങളുടെ പ്രവർത്തനങ്ങൾ കേൾക്കാതേകണ്ടുള്ളതു്! ബ്രിട്ടീഷു് എട്ടാം സൈന്യം ഫ്ലോറൻസ് പിടിച്ചപ്പോൾ അവിടുത്തെ ജനത പോലീസുകാരുടെ വേഷമിട്ടു് ഈ സൈന്യത്തെ സഹായിച്ചു. മാർഷൽ ടൈറേറാവിന്റെ കീഴിലുള്ള ഒരു ഗ്രുഢസൈന്യം യൂഗോസ്ലേവിയായിലെ മലംപ്രദേശങ്ങളിൽ ജർമ്മൻ സൈന്യങ്ങളെ ശക്തിയായി എതിർക്കുന്നു. ഇന്നു് ഈ മാർഷൽ ടൈറേറാ മി. ചർച്ചിലും മററു ഐക്യകക്ഷി നേതാക്കളുമായി ഇററലിയിൽ കൂടിയാലോചനകൾ നടത്തുകയും ചെയ്യുന്നു. മനുഷ്യസമുദായത്തെ താളരിയുംപോലെ അരിഞ്ഞുതീർത്തു് സർവ്വവിധേനയുള്ള എതിർപ്പും അവസാനിപ്പിച്ചുവെന്നു് ജർമ്മൻകാർ വിചാരിച്ച പോളണ്ടിൽ അതാ പൊതുജനങ്ങൾ ഒന്നായി ഇളകി മറിയുന്നു. ഫ്രാൻസിലെ കഥയൊന്നും പറവാനില്ല; മാക്വിസ് എന്നു പറയപ്പെടുന്ന പൌരാവലി ജനറൽ ഡിഗോളിന്റെ നേതൃത്വത്തിലുള്ള സ്വതന്ത്ര ഫ്രഞ്ചുകക്ഷിയോടുകൂടിചേർന്നു് ഫ്രാൻസിന്റെ അകത്തുള്ള കുഴപ്പങ്ങൾക്കു് മകുടധാരണം ചെയ്യുന്നു.

ഫ്രാൻസിന്റെ സ്വാതന്ത്ര്യത്തിന്നുള്ള യുദ്ധം ഇനിയും കഴിഞ്ഞിട്ടില്ല. ഫ്രാൻസിലെ ജനത ഇപ്പോഴും നാസികൊള്ളക്കാരോടും, നാസി ഗ്രുഢപോലീസിനോടും യുദ്ധം നടത്തിക്കൊണ്ടുതന്നെ ഇരിക്കുന്നുണ്ടു്. കൊല്ലം 1940 ലെ യുദ്ധത്തിൽ ഫ്രാൻസിന്നു പരാജയം വന്നുവെങ്കിലും, അന്നത്തെ സംഭവം ഫ്രാൻസിന്റെ സ്വതന്ത്രനാടകത്തിൽ ഒരു രംഗം മാത്രമായിരുന്നു. ഫ്രാൻസിന്റെ സ്വാതന്ത്ര്യത്തിന്നുള്ള യുദ്ധം നാസിക്കൊള്ളക്കാരോടു മാത്രമല്ല, നാസിക്കാർ ഫ്രാൻസിന്റെ ഒരു മൂലയിൽ തങ്ങളുടെ ഏജണ്ടുമാരായി സ്ഥാപിച്ച വിഷിഭരണക്കാരോടുമായിരുന്നു. വിഷിഭരണക്കാരിൽ ഏററവും പ്രധാനികളായിരുന്നു പീറെ ലാവലും ആയാളുടെ കൂട്ടാളികളും. ഇവർ ആരാണെന്നറിയാമോ? സ്വാതന്ത്ര്യത്തിന്റെ മൂർത്തിമത്തായ ഫ്രാൻസിനെ അധഃപതിപ്പിച്ചു് നാസികളുടെ ചങ്ങലകൊണ്ടു ബന്ധിച്ചു് ജർമ്മനിക്കു് കൂലിക്കാരേയും സാമാനങ്ങളും വേണ്ടപ്പോൾ കൊടുക്കേണ്ടതിന്നുള്ള ഒരു കലവറയാക്കിതീർത്തു. കുററമാണോ 1942 ൽ ഗോബൽസ് പറഞ്ഞതു്: "ലോകത്തിൽ ആർക്കെങ്കിലും വിശപ്പുണ്ടായിക്കൊള്ളട്ടെ; ജർമ്മനിയിലെ ജനങ്ങൾക്കു് വിശക്കാൻ പാടില്ല."

"മാക്വിസ്" എന്ന പദത്തിന്നു് "കുററിക്കാടു്" അല്ലെങ്കിൽ "കുറുങ്കാടു്" എന്നാണർത്ഥം. യഥാർത്ഥത്തിൽ ഫ്രാൻസിലെ മാക്വിസ് കക്ഷിക്കാർ ദുഷ്ടന്മാരെ കൊള്ളചെയ്തു് ശിഷ്ടന്മാരെ രക്ഷിപ്പാനുള്ള ഒരു സ്വകാര്യസംഘമാകുന്നു. റോഡുകളും റെയിലുകളും പൊളിച്ചുകളയുക, പാലങ്ങൾ നശിപ്പിക്കുക ഇങ്ങിനെയുള്ള ജോലിയാണു് ഇവർക്കു പ്രധാനമായിട്ടുള്ളതു്. ഏതെല്ലാം

തരത്തിൽ ശത്രുക്കൾക്ക് സൈ്വരക്കേട് നൽകാമെങ്കിൽ അതെല്ലാം അവർ നൽകുന്നുണ്ട്. ഫ്രാൻസിലെ മിക്ക വാറും സ്ഥലങ്ങളിൽ ഈ മാക്വിസ് കക്ഷിയുടെ സ്വാധീനത്തിൽക്കൂടിത്തന്നെ യാത്ര ചെയ്യാമെന്നാണ് ഇന്നത്തെ സ്ഥിതി. ഫ്രാൻസിലെ ഒരു പ്രധാന തുറമുഖപട്ടണമായ ബോർഡോ മുഴുവൻ ഇപ്പോൾ മാക്വിസ് കക്ഷിക്കാരുടെ കൈവശമാണത്രെ.

ലോകത്തിന്നും ഇന്ത്യക്കും യുദ്ധംകൊണ്ടുണ്ടാകാവുന്ന അനുഭവം ഫ്രാൻസിന്നുണ്ടായികഴിഞ്ഞു. നിസ്സാരതയിൽ അടിസ്ഥാനപ്പെടുത്തിയ കക്ഷിവഴക്കുകളെല്ലാം തീന്ന് ഫ്രാൻസിലെ സർവ്വജനങ്ങളും യോജിച്ചുകഴിഞ്ഞിരിക്കുന്നു. ഫ്രാൻസിലെ ഗൂഢസൈന്യത്തിന്നുള്ള ശക്തിയിൽനിന്നുതന്നെ ഈ സംഗതി വേണ്ടപോലെ മനസ്സിലാക്കാം. ഈ സൈന്യത്തിന്റെയും ഫ്രാൻസിന്റെ ഒട്ടാകെയും ഉള്ള നേതാവാണ് ജനറൽ ഡിഗാൾ. അദ്ദേഹത്തിന്ന ലഭിച്ച നേതൃത്വം ഫ്രാൻസിന്റെ ഏററവും ഇരുളടഞ്ഞ കാലത്ത് തന്റെ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിന്നുവേണ്ടി ആചരിച്ച ദൃഢനയത്തിന്റെ ഒരനുഭവമാണ്.

നമ്മുടെ ചക്രവത്തി തിരുമേനി തന്റെ ക്രിസ്തുമസ്സ് പ്രസംഗത്തിൽ പ്രസ്താവിച്ചത് ഇന്നും സ്മരണീയമാണ്: "ത്യാഗത്തിൽ അടിസ്ഥാനമിട്ട് സ്ഥാപിച്ചതായ മിത്രഭാവത്തിൽനിന്ന് ഒരു നവീകരണശക്തി ആവിർഭവിക്കുന്നതാണ്. അഗതിയുടെ അവസ്ഥയിൽനിന്ന് ഗതിയും, ഗണയിൽനിന്ന് സഹോദരഭാവവും ഉളവാകുന്നത് പ്രകൃതിയാണെന്ന് വിശ്വസിച്ച് സമാധാനിക്കാം." ഈ ആശയം അർത്ഥശൂന്യമായിട്ടുള്ള ഒന്നല്ല. ഐക്യരാഷ്ട്രങ്ങളുടെ സൈന്യങ്ങൾ തമ്മിൽ ആദ്ധ്യാത്മികമായ ഒരു മിത്രഭാവം വന്നുകഴിഞ്ഞു. എങ്ങിനെ വരാതിരിക്കും? ശത്രുവിന്റെ സൈന്യശക്തിയെ നശിപ്പിക്കുവാനുള്ള അവരുടെ പ്രയത്നങ്ങൾ എത്രയും സഹോദരഭാവത്തിലല്ലെ അവർ നടത്തിയത്?

# കൊയ്ത്തിന്റെ തിയ്യതി അറിയിക്കുക

## കൊച്ചി ഗവമ്മേണ്ടിന്റെ അറിയിപ്പ്

1115 ലെ 8-ാം നമ്പർ വിളംബരത്താൽ കൊച്ചി രാജ്യത്തേക്കു ബാധകമാക്കിയിട്ടുള്ള ഡിഫെൻസ് ഓഫ് ഇന്ത്യാ ചട്ടങ്ങളിൽ 81-ാം ചട്ടപ്രകാരം സിദ്ധിച്ചിരിക്കുന്ന അധികാരവും ഇതിന്നു സാഹായകമായുള്ള മറെറല്ലാ അധികാരങ്ങളുമനുസരിച്ചു ഗവമ്മേണ്ടിൽനിന്നും താഴെ പറയുംപ്രകാരം ഉത്തരവായിരിക്കുന്നു:—

ഈ രാജ്യത്തുള്ള ഏതെങ്കിലും നെൽകൃഷി ഭൂമിയിൽ നില്ക്കുന്ന വിളവു കൊയ്യുന്നതിന്നധികാരമുള്ള ഏതാളും, ടി. വിളവു കൊയ്യുവാൻ താൻ ഉദ്ദേശിക്കുന്നതിന്നു ഏഴു ദിവസമെങ്കിലും മുമ്പായി, താൻ ആ വിളവു കൊയ്യുവാൻ ഉദ്ദേശിക്കുന്ന ദിവസവും ആ വക ഭൂമിയുടെ സർവ്വേ നമ്പരും കാണിച്ചുകൊണ്ട്, ആ ഭൂമി ഏതു താലൂക്കിലെ താസിൽദാരുടെ അധികാരപ്രദേശാതൃത്തിക്കുള്ളിലാണോ സ്ഥിതി ചെയ്യുന്നത് ആ താസിൽദാക്കു രേഖാമൂലം അറിവു കൊടുക്കേണ്ടതാകുന്നു. ഇതിന്നു പുറമെ കൊയ്ത്തിനേയും അതിൽനിന്നു ലഭിച്ചതോ ലഭിക്കാവുന്നതോ ആയ നെല്ലിന്റെ ശേഖരിപ്പിനേയും പററി താസിൽദാരാകട്ടെ അയാൾ നിയോഗിക്കുന്ന മററാരെങ്കിലുമാകട്ടെ നൽകുന്നതായ സകല നിർദ്ദേശങ്ങളും ടി. യാൻ അനുസരിച്ചു നടന്നുകൊള്ളേണ്ടതുമാകുന്നു.

### നെൽപ്പാട്ടത്തിന്റെ വിനിയോഗം

കുടിയാൻ കൊടുക്കേണ്ട പാട്ടം നെല്ലായി കൊടുത്തിട്ടില്ലെങ്കിൽ, പാട്ടം കൊടുത്തു തീർക്കേണ്ട കുടിയാനും ആയതു ലഭിക്കേണ്ട ജന്മിയും, പാട്ടം നെല്ലായി കൊടുക്കാതിരിക്കുന്ന വസ്തുത, പാട്ടം അടക്കേണ്ട തിയ്യതിക്കു ഏഴു ദിവസത്തിന്നകം, താസിൽദാരെ രേഖാമൂലം അറിയിക്കണം. പാട്ടം കിട്ടിയ വിവരത്തിന്നു ജന്മി കുടിയാനു ഒരു വൌച്ചർ കൊടുപ്പാനും ബാദ്ധ്യസ്ഥനാണ്. നെല്ലായും പണമായും തനിക്കു കിട്ടിയ പാട്ടത്തിന്റെ തുക വൌച്ചറിൽ വെവ്വേറെ കാണിച്ചിരിക്കേണ്ടതുമാണ്. പാട്ടം മുഴുവൻമോ അതിൽ ഏതെങ്കിലും അംശമോ കുടിയാൻ ജന്മിക്കു നെല്ലായി കൊടുക്കാത്തപക്ഷം, കുടിയാൻ ആ നെല്ല് യാതൊരാവശ്യത്തിനും ഉപയോഗിച്ചുപോകരുത്; മാത്രമല്ല, അതു ഭദ്രമായി സൂക്ഷിക്കുകയോ, വില്ക്കുകയോ, വാങ്ങുകയോ ചെയ്യുന്നതു സംബന്ധിച്ചു ഭക്ഷ്യവകുപ്പദ്ധ്യക്ഷൻ നൽകുന്ന ഉത്തരവുകൾ അനുസരിച്ചു പ്രവത്തിക്കുകയും വേണം.

### ജന്മി-കുടിയാന്മാരുടെ കത്തവ്യം

പാട്ടം കിട്ടേണ്ടവനായ നിലമുടമസ്ഥനും, അതു കൊടുപ്പാൻ ബാദ്ധ്യസ്ഥനായ കുടിയാനും (രണ്ടുപേരും), പാട്ടം ധാന്യമായി കൊടുക്കാതിരിക്കുന്ന വിവരം നെല്ലെടുപ്പു താസിൽദാരേയൊ ഫുഡ് സപ്ലൈസ് ഡയറക്ടരേയൊ അറിയിക്കേണ്ടതാകുന്നു. നിലമുടമസ്ഥന്നു പാട്ടമായി കൊടുപ്പാനുദ്ദേശിച്ചിരിക്കുന്നത്ര നെല്ല്, ഡയറക്ടരുടെ കല്പനയനുസരിച്ചു മാത്രമേ, കുടിയാനു വില്ക്കുകയോ മറേറാ ചെയ്യാൻ പാടുള്ളൂ. ചില രുടെയിടയിൽ. (1) പാട്ടം കൊടുപ്പാനായി നീക്കിവെച്ചിരുന്ന നെല്ല് സക്കാരിലേക്കു വിററു പാട്ടം പണമായി കൊടുത്തുകഴിഞ്ഞിട്ടുള്ള കുടിയാൻ, തന്റെ ഉപയോഗത്തിന്നായി ശേഖരിച്ചിട്ടുള്ള നെല്ല് സൂക്ഷിച്ചുവെക്കുകയും അതിന്നു ഗവമ്മേണ്ടിനോടു കണക്കു പറയുകയും ചെയ്യേണ്ടിവരുമെന്നും, (2) ആ വക നെല്ലിന്റെ വിനിയോഗത്തെപ്പററി ഫുഡ് സപ്ലൈസ് ഡയറക്ടരുടെ കല്പന ലഭിക്കുമ്പോളേക്കും കുടിയാനു പട്ടിണി കിടക്കേണ്ടിവരുമെന്നും ചില ആശങ്കകൾ ഉണ്ടായിട്ടുണ്ട്.

ഈവക ആശങ്കകൾ അടിസ്ഥാനരഹിതങ്ങളാണെന്നു പൊതുജനങ്ങളെ വ്യക്തമായി ധരിപ്പിക്കുവാൻ ഗവമ്മേണ്ടാഗ്രഹിക്കുന്നു. ഗവമ്മേണ്ടിലേക്കു വിററ നെല്ല് ഫുഡ് സപ്ലൈസ് ഡയറക്ടരുടെ ഉത്തരവനുസരിച്ചു വിററിട്ടുള്ളതായിട്ടേ സ്വാഭാവികമായി ഗണിക്കപ്പെടുകയുള്ളു. തന്മൂലം മേല്പറഞ്ഞ വ്യവസ്ഥ ആവക ഇടവാടുകൾക്കു ബാധകമായിരിക്കുന്നതല്ല. ധാന്യമായി കൊടുക്കുന്നതിലേക്കായി നിശ്ചയിച്ചിരിക്കുന്നിടത്തോളം നെല്ല് കൈവശം വെക്കുവാൻ കുടിയാൻ പച്ചെയ്സിങ്ങ് ആപ്പീസ്സരോടു വല്ല വിധത്തിലും അനുവാദം സമ്പാദിക്കുകയും, ആ നെല്ല് കൊടുക്കാതിരിക്കുകയും, തന്റെ ആവശ്യത്തിന്നുതന്നെ അതെടുത്തുപയോഗിക്കുകയും ചെയ്യുന്നതായ സംഗതികളിൽ ആ വ്യവസ്ഥ ബാധകമാക്കുവാൻ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. അങ്ങനെയുള്ള കുടിയാന്മാർ, ആവക നെല്ല് സൂക്ഷിക്കുകയോ വില്ക്കുകയോ ചെയ്യുന്നതു സംബന്ധിച്ചു ഫുഡ് സപ്ലൈസ് ഡയറക്ടർ നൽകുന്ന ഉത്തരവുകൾ അനുസരിച്ചു നടന്നു കൊള്ളേണ്ടതാകുന്നു.

മേല്പടി നിയമത്തിന്റെ ഉദ്ദേശം, ന്യായരഹിതപ്രവൃത്തികളേയും നെല്ല് സ്റ്റോക്കുകളുടെ കള്ളവില്പനയേയും ദുരുപയോഗത്തേയും കഴിയുന്നത്ര കുറക്കുകയും, പൊതുജനങ്ങളുടെ ഇടയിൽ സമമായി വിതരണം ചെയ്യുന്നതിലേക്കു ആവക നെല്ല് മുഴുവനും സമ്പാദിക്കുകയും ചെയ്യുക എന്നുള്ളതാണ്. മേല്പറഞ്ഞ വ്യവസ്ഥക്കടിസ്ഥാനമായുള്ള ഉദ്ദേശത്തെ മനസ്സിലാക്കി പൊതുജനങ്ങൾ ടി. ഉത്തരവിലെ ഈ വ്യവസ്ഥ വരുത്തുന്നതിൽ ഗവമ്മേണ്ടിനോടു സഹകരിച്ചു പ്രവത്തിക്കുമെന്നു ഗവമ്മേണ്ടു പ്രത്യാശിക്കുന്നു.

# ജാപ്പാനിൽ

## (സിസാക്കു ഡിയോണി)

(ഈ ലേഖകൻ ജാപ്പാൻ ഗവർമ്മേണ്ടിൻെറ പ്രതിനിധിക്ക് ഇണ്ടോ ചൈനയിലുണ്ടായിരുന്ന ആപ്പീസ്സിൽ 1936 ൽ പ്രവൃത്തി ചെയ്തിരുന്ന ഒരാളാകുന്നു. രണ്ടു കൊല്ലം കഴിഞ്ഞു ഒരു ദിവസം ഇദ്ദേഹത്തിൻെറ കാർ അജാഗ്രതയോടെ ചൈനയുടെ അതൃത്തിക്കപ്പുറത്തു് കടന്നുപോയി. അവിടെവെച്ചു ഇദ്ദേഹത്തെ ചൈനക്കാർ അറസ്റ്റ് ചെയ്തു തടവുകാരനായിരുന്ന കാലത്തു് ചൈനക്കാർ ഇദ്ദേഹത്തോടു കാട്ടിയ മര്യാദയുടെ ഫലമായി മൂന്നു മാസം കഴിഞ്ഞപ്പോഴേക്കും ജാപ്പാന്നു് വിരോധമായിട്ടുള്ള പ്രസ്ഥാനങ്ങളിൽ പങ്കുകൊള്ളാൻ തനിക്കിഷ്ടമാണെന്നു് പ്രത്യക്ഷപ്പെടുത്തി. മുപ്പതു വയസ്സുമാത്രം പ്രായമുള്ള ഇദ്ദേഹം പല ഭാഷകളിലും ബിരുദ്ധാരിയാണു്.)

അഞ്ചുകൊല്ലം ഞാൻ ചൈനയിൽത്തന്നെ ആയിരുന്നുവെങ്കിലും, ജാപ്പാനിലെ സ്ഥിതിഗതികളെക്കുറിച്ചു് ഗ്രന്ഥമാർഗ്ഗങ്ങളിൽ ക്കൂടി ധാരാളമായി അറിവാൻ എനിക്കു് സാധിച്ചിരുന്നു. യുദ്ധത്തിൻെറ ബുദ്ധിമുട്ടുകൾ അത്യധികം ബാധിച്ചിരിക്കുന്നതിനാൽ ജാപ്പാനിലെ ജനങ്ങൾക്കു് ഭക്ഷണം റേഷൻ വഴിക്കാണു് കിട്ടിവരുന്നതു്. ഭക്ഷണസാധനങ്ങൾ മാത്രമല്ല, ജാപ്പാൻ ഭരണയന്ത്രത്തിൻെറ ശക്തിക്കധീനമായിട്ടുള്ളു; മനുഷ്യജീവനവും കൂടി റേഷൻ ചെയ്തിട്ടാണത്രെ ജാപ്പാനിലെന്നാണു് അറിയുന്നതു്. ജനങ്ങളുടെ നിത്യോപയോഗസാധനങ്ങളുടെ വില ജാപ്പാനിൽ പുറമെ പറഞ്ഞു കേൾക്കുന്നത്ര അധികരിച്ചിട്ടൊന്നുമില്ല; കാരണം സാമാനങ്ങളുടെ വില നിയമപരിധികളിൽ കൊണ്ടുവന്നിട്ടു് കുറച്ചുകാലമായിരിക്കുന്നു. എന്നാൽ സാധനങ്ങളുടെ വിലക്കുണ്ടായിട്ടുള്ള കയററമനുസരിച്ചു കൂടി ഗവർമ്മേണ്ടുദ്യോഗസ്ഥന്മാരുടെ ശമ്പളത്തിന്നു കയററമില്ലാത്തതിനാൽ ജാപ്പാനിൽ ശമ്പളക്കാരാണു് അത്യധികം കഷ്ടപ്പാടനുഭവിക്കുന്നവർ.

ജാപ്പാനിൽ യഥാർത്ഥമായിട്ടുള്ള കഷ്ടപ്പാടു് ജനങ്ങളുടെ നിത്യജീവിതത്തിന്നുള്ള സാമാനങ്ങളുടെയും മററു സാമാനങ്ങളുടെയും ക്ഷാമം കൊണ്ടുണ്ടായിത്തീരുന്നതാണു്. അത്യാവിശ്യമല്ലാത്ത നിത്യോപകരണനിർമ്മാണം നിർത്തിവെച്ചു് യുദ്ധോപകരണങ്ങളുടെ നിർമ്മാണത്തിൽ ശ്രദ്ധ വെക്കേണമെന്നു് ഗവർമ്മേണ്ടു് ഇപ്പോൾ പുതുതായി ഒരു നിശ്ചയം ചെയ്തിരിക്കുന്നതിനാൽ ജനങ്ങൾക്കുള്ള കഷ്ടപ്പാടു് കുറെക്കൂടി വർദ്ധിക്കുവാനാണു് വഴി. സാമാനങ്ങൾ ചുരുക്കമാണെങ്കിൽ അവയെ റേഷൻ ചെയ്യുകയെന്നാണു് ജാപ്പാൻ ഗവർമ്മേണ്ടിൻെറ നയം. ആദ്യമായി ജാപ്പാനിൽ റേഷൻ ആരംഭിച്ചതു് 1938 ൽ ആണു്. അന്നു് മണ്ണെണ്ണ മുതലായ സാധനങ്ങളെ റേഷൻ ചെയ്യുവാൻ തീർച്ചയാക്കി. പിന്നിട്ടു പൊതുജനോപകാരങ്ങൾക്കു് റേഷൻ ഏർപ്പെടുത്തി. ഇതിൽ റേഷൻ ആദ്യമായിത്തുടങ്ങിയതു പഞ്ചസാരയും മണ്ണെണ്ണയുമാകുന്നു. 1940 ജൂൺ മുതല്ക്കാണു് ഇതിൻെറ ആരംഭം. ഇതിന്നുശേഷം നിത്യോപകരണങ്ങളായ സർവ്വസാധനങ്ങളെയും റേഷനിങ്ങിൽ കൊണ്ടുവന്നിരിക്കുന്നു.

സാമാനങ്ങൾ ജനങ്ങൾക്കു് മാസത്തോതിലൊ പതിപ്പത്തു ദിവസം കൂടുമ്പോഴൊ കിട്ടുന്നതാണു്. ഇങ്ങിനെ സാമാനങ്ങൾ വിതരണം ചെയ്വാൻ "അയൽ സംഘങ്ങൾ" ഏർപ്പെടുത്തിയിരിക്കുന്നു. ഓരോ സംഘത്തിൻെറ പരിധിയിലും ഏറക്കുറെ പത്തു കുഡുംബങ്ങൾ ഉണ്ടായിരിക്കും. പോലീസ്സ് ഡിപ്പാർട്ട്മെണ്ടു് നിയമിക്കുന്ന ഒരു പ്രസിഡേണ്ടായിരിക്കും സംഘത്തിൻെറ അധികാരി. റേഷൻ കാർഡുള്ള ഓരോ കുഡുംബവും പണം റൊക്കം കൊടുത്തു് സാമാനങ്ങൾ വാങ്ങുന്നു. ബ്ലാക്കു് മാർക്കററിൽനിന്നും സാമാനങ്ങൾ വാങ്ങാം. എന്നാൽ അതിൽ സാമാനങ്ങളുടെ വില വളരെ ജാസ്തിയായിരിക്കും. സാമാനങ്ങളും ആവിശ്യമുള്ളതെല്ലാം അവിടെ കിട്ടിയെന്നു് വരുന്നതല്ല.

പ്രായപൂർത്തി വന്ന ഒരാൾക്കു് മാസം ഒന്നുക്കു് എട്ടു റാത്തൽ അരിയാണു്. ജാപ്പാനിൽ ജനങ്ങളുടെ പ്രധാന ഭക്ഷണം ചോറാണെല്ലൊ. ജാപ്പാനിലും ജാപ്പാന്നധീനമായ ചൈനയിലും അധികമായി ഭക്ഷണം ഉണ്ടാക്കേണമെന്നു് പ്രക്ഷോഭം ഉണ്ടായിത്തീരുവാനുള്ള കാരണം ഇതാണു്. പ്രായപൂർത്തിവന്ന ഒരു പുരുഷന്നു് മാസം ഒന്നുക്കു് 22 റാത്തൽ അരി വേണ്ടതിനാൽ ഇപ്പോൾ റേഷൻ പ്രകാരം കിട്ടുന്ന അരി തീരെ മതിയാകുന്നില്ല. സാധാരണക്കാൎക്കു തന്നെ 22 റാത്തൽ വേണ്ടതിനാൽ കൂലിപ്പണിക്കാരുടെ കഥ പറവാനുണ്ടൊ? കിട്ടുന്ന അരി വിശപ്പടക്കുവാൻ മതിയാകാതെ വരുന്നതിനാൽ ജനങ്ങൾ കഴിയുമെങ്കിൽ ഉരുളക്കിഴങ്ങും അല്ലെങ്കിൽ കണ്ടതും കടിതും തിന്നും വയറുനിറക്കുന്നു. ചോറുണ്ണുന്നവരുടെ ആവിശ്യത്തിന്നു് ധാരാളം ഉരുളക്കിഴങ്ങുണ്ടാക്കുവാൻ ജാപ്പാൻ ഗവർമ്മേണ്ടു് കല്പന കൊടുത്തിരിക്കുന്നു. വീട്ടിൽനിന്നു് പുറത്തുപോയി ഊൺ കഴിക്കുന്നവൎക്കു ഗവർമ്മേണ്ടു് ശാപ്പാടു ടിക്കററ് കൊടുക്കുന്നു. ഗവർമ്മേണ്ടിൻെറ ശാപ്പാടു് ടിക്കററ് ഉള്ളവൎക്കു ഹോട്ടലുകളിൽ ചോർ കിട്ടുകയുള്ളു. അങ്ങിനെയായതിനാൽ മിക്കവാറും ജാപ്പാൻകാർ പുറത്തുപോകുമ്പോൾ പൊതിച്ചോറു കൊണ്ടുപോകയാണു് പതിവു്. കൃഷിക്കാൎക്കു കൂടി വേണ്ടത്ര ഭക്ഷണത്തിന്നുണ്ടാകുന്നില്ല; വിളയെല്ലാം ഗവർമ്മേണ്ടു് തോന്നിയ വിലക്കു് വാങ്ങികൊണ്ടു പോകുന്നു. കൊറിയായിൽ 1942 ൽ ഉണ്ടായ നെല്ലുവിള മോശമായതിനാലും ജാപ്പാന്നധീനമുള്ള രാജ്യങ്ങളിൽനിന്നു് നെല്ലു കൊണ്ടുവരുവാൻ കപ്പൽ സൌകൎയ്യം ഇല്ലാത്തതിനാലും ജാപ്പാനിൽ ഭക്ഷണത്തിന്നു് ക്ഷാമം നേരിട്ടിരിക്കയാണു്.

പഞ്ചസാര, ഉപ്പു, മററു ഭക്ഷണപദാർത്ഥങ്ങൾ ഇവയെല്ലാം റേഷനിങ്ങിൻെറ പരിധിയിൽ പെട്ടിരിക്കുന്നു. മാസം ഒന്നുക്കു ഓരോ ആൾക്കും 3/5 റാത്തൽ പഞ്ചസാരയും, 3/5 റാത്തൽ ബിസ്ക്കററും മാത്രമെ കിട്ടുകയുള്ളു. യുദ്ധസാമഗ്രികകളുടെ നിർമ്മാണം ഇനിയും ഊർജ്ജിതമായി നടക്കുന്നപക്ഷം, ഇപ്പോൾ ശാപ്പാടിന്നുള്ള നിവൃത്തിമാർഗ്ഗങ്ങളും കൂടി ഇല്ലാതാവുകയും ചെയ്യും. പത്തുമെമ്പർമാരിൽ അധികരിച്ച കുഡുംബങ്ങൾക്കു് പത്തുപെട്ടി തീപ്പെട്ടിയാണു് ഒരുമാസത്തേക്കനുവദിച്ചിട്ടുള്ളതു്. ഒരു പെട്ടിയിൽ 230 കോലുണ്ടായിരിക്കും. ആറാളുകളിൽ അധികരിച്ചുള്ള കുഡുംബങ്ങൾക്കു് ആറുപെട്ടി തീപ്പെട്ടി കൊടുക്കും: അഞ്ചാളുകൾ ഉള്ള കുഡുംബങ്ങൾക്കു് പെട്ടി ഒന്നുക്കു് 70 കോലുള്ള പത്തുപെട്ടി തീപ്പെട്ടി കൊടുക്കുന്നതാണു്. ഇതുപോലെതന്നെ ആളൊന്നുക്കു് മാസത്തിൽ ഒരു സോപ്പും, ഒരു വസ്ത്രം തിരുമ്പുന്ന സോപ്പും അനുവദിച്ചിട്ടുണ്ടു്.

ഉണ്ടെങ്കിൽ റേഷൻ ചെയ്തുകൊടുക്കുമെന്നുള്ള തരത്തിൽ പലേ സാധനങ്ങളുമുണ്ടു്. അവയാണു് ബിർ, സോഡ, കടലാസ്സു്, മുട്ട മുതലായ്യ. ആളൊന്നുക്കു് ഒന്നോ രണ്ടോ മുട്ട ഒരു മാസത്തിൽ കിട്ടും. പിന്നെ രണ്ടുമാസം കഴിഞ്ഞെ മുട്ടയുടെ വർത്തമാനം തന്നെ കേൾക്കയുള്ളു. മുട്ട അധികമായി ഉണ്ടാക്കാൻ അധികരിച്ചു കോഴികളെ വളർത്തിക്കളയാമെന്നു വെച്ചാൽ കോഴികൾക്കു തിന്നാനൊന്നുമില്ല. കോഴികളുടെ തീററിയെല്ലാം ഇപ്പോൾ ജനങ്ങൾക്കു കൊടുപ്പാനാണു് നിശ്ചയം. മാംസം ഭുജിക്കാനിഷ്ടമുള്ളവരുടെ അവശ്യത്തിന്നു മുയലിനെ വളർത്തുവാനാണു് ഗവർമ്മേണ്ടിൻെറ തീർപ്പു്.

യുദ്ധത്തിൻെറ കശ്നംകൊണ്ടു് മത്സ്യവും വേണ്ടത്ര ജാപ്പാൻകാൎക്കു് കിട്ടുന്നില്ല. ജാപ്പാൻകാരാണെങ്കിൽ മീൻകണ്ട നായരെപ്പോലെയാണു്. മത്സ്യംപിടിക്കാനുപയോഗിച്ചുവന്നിരുന്ന അനവധി തോണികൾ ഇപ്പോൾ സൈന്യാവിശ്യത്തിന്നു് ഗവർമ്മേണ്ടു കൈക്കലാക്കിയിരിക്കുന്നു; മാത്രമല്ല, മുക്കുവജാതിയിലെ അനവധി യുവാക്കളെ ഇപ്പോൾ പട്ടാളത്തിലേക്കെടുത്തിട്ടുമുണ്ടു്.

കാപ്പിറി സാധനങ്ങൾക്കു് വലിയ ക്ഷാമം. മുമ്പു് കാപ്പിറിയുണ്ടാക്കിയിരുന്നേടങ്ങളിലെല്ലാം ഇപ്പോൾ നെല്ലുണ്ടാക്കിവരുന്നു. പൂത്തോട്ടങ്ങളെല്ലാം വേണ്ടെന്നു്വെച്ചു് അവിടങ്ങളിൽ കാപ്പിറി സാധനങ്ങൾ ഉണ്ടാക്കുന്നു. വീട്ടുസാമാനങ്ങൾ വാങ്ങുവാൻ ജനങ്ങൾ രാവിലെ മൂന്നുമണിക്കു കടകളിലേക്കു പോകണം. പോയി അവിടെ വരിയായി നിന്നു് അവനവൻെറ ഊഴം വരുമ്പോൾ സാമാനങ്ങൾ വാങ്ങണം.

വസ്ത്രങ്ങളുടെ റേഷനിങ്ങു് ജാപ്പാനിൽ ആരംഭിച്ചതു് 1942 ഫിബ്രവരി മാസത്തിലാകുന്നു. ഏതുതരത്തിലുള്ള ശീലയും ഇപ്പോൾ റേഷൻ ചെയ്യെ കിട്ടുന്നുള്ളു. വസ്ത്രങ്ങൾ മിക്കവാറും ഒരു തരം കൃത്രിമ പരുത്തികൊണ്ടാണു് ഉണ്ടാക്കുന്നതു. ശരിയായ പരുത്തിയെല്ലാം ഗവർമ്മേണ്ടു യുദ്ധാവശ്യത്തിലേക്കെടുക്കുന്നു. ഇപ്പോൾ കിട്ടുന്ന വസ്ത്രങ്ങൾ രണ്ടൊ മൂന്നൊ അലക്കിന്നു കേടുവരാതെ നിന്നേക്കാം. ചെരുപ്പാണെങ്കിൽ മുട്ടിച്ചെരുപ്പാണു് അധികവും. തോലുകൊണ്ടുള്ള ചെരുപ്പു വേണമെങ്കിൽ അതു പന്നിയുടേയൊ മത്സ്യത്തിൻെറയൊ തോലുകൊണ്ടാണുണ്ടാക്കുന്നതു്.



ജാപ്പാൻകാരൻ

(4-ാം പേജിൽനിന്നു തുടർച്ച)

കക്ഷി സൈന്യങ്ങളേയും, ശാപ്പാടിന്നില്ലാതെയും, തല്ലു തടുപ്പാനുള്ള കെല്പില്ലാതെയും പിന്നോക്കം പായുന്ന ജാപ്പാൻ സൈന്യങ്ങളെയും ഒരുപോലെ ബാധിച്ചിരിക്കുന്നു. ഇങ്ങിനെയാണെങ്കിലും വടക്കൻ ബർമ്മയിലെ മിത്ത്ക്യാനാനഗരി നാം പിടിച്ചു്, അവിടെനിന്നും മാണ്ടലെ നഗരിയിലേക്കുള്ള റെയിലിന്റെ ഏതാണ്ടു് ചില ഭാഗങ്ങൾ ഉപയോഗിച്ചു് യുദ്ധോപകരണങ്ങളെ വടക്കൻ ബർമ്മയുടെ തെക്കു ഭാഗത്തേക്കു് എത്തിക്കുവാൻ നമുക്കു് സാധിക്കുന്നുവെന്നുള്ള സംഗതി ഏററവും കൃതാർത്ഥതക്കു് കാരണമാക്കീട്ടുണ്ടു്. അവിടങ്ങളിലെ പുഴകളിൽ കൂടിയും സൈന്യങ്ങൾക്കുവേണ്ട പടക്കോപ്പുകൾ ധാരാളമായി കൊണ്ടുപോകുന്നു. വടക്കൻ ബർമ്മയിലെ സ്ഥിതി ഇത്ര ആശാസ്യമായതുപോലെത്തന്നെയാണു് ആസ്സാംരംഗത്തിലെ സ്ഥിതിയും. ബ്രിട്ടീഷു് 14-ാം സൈന്യം ജാപ്പാൻകാരെ ഇന്ത്യയുടെ അതൃത്തിയിൽനിന്നു് പൂർണ്ണമായി ഓടിച്ചു് ഇപ്പോൾ ബർമ്മയുടെ അതൃത്തിക്കുള്ളിൽ അഞ്ചു നാഴികയോളം കടന്നിരിക്കുന്നു.

## റഷ്യയുടെ യുദ്ധതന്ത്രം

റഷ്യൻ സൈന്യത്തിന്റെ പ്ലാൻ എന്തെന്നറിയാതെ ബാൾട്ടിക്കു പ്രദേശങ്ങളിൽ കെണിയിൽ പെട്ടു കിടക്കുന്ന മുപ്പതു് ഡിവിഷ്യൻ ജർമ്മൻ സൈന്യം അന്തംവിട്ടിരിക്കുന്നു. ഏതൊരു രംഗത്തിനാണു് റഷ്യൻ സൈന്യ നേതൃത്വ സമിതി പ്രാധാന്യം കല്പിക്കുന്നതെന്നും, ഏതിനാണു് കല്പിക്കാതിരിക്കുന്നതെന്നും ജർമ്മൻകാർക്കറിയാൻ സാധിക്കുന്നില്ല. പോളണ്ടിന്റെ തലസ്ഥാന നഗരിയായ വാർസാവാ റഷ്യൻസൈന്യം പിടിക്കാതിരിക്കയില്ലെന്നു് സൈന്യത്തിന്റെ ഗതികൊണ്ടു് എല്ലാവരും തീരുമാനിച്ചുവെങ്കിലും റഷ്യൻ യുദ്ധതന്ത്രം മറെറാരു വിധമായിരുന്നു. വാർസാവാ പിടിക്കാതെ അതിന്നടുത്തുവന്ന സൈന്യം രണ്ടു കൈവഴികളായി പിരിഞ്ഞു് ഒന്നു് തെക്കോട്ടും മറേറതു് വടക്കോട്ടും യാത്രയായി. ഈ രംഗത്തിലെ സംഭവങ്ങൾ ഈ വിധം പരിഭ്രമജനകമാക്കി വെച്ച ഘട്ടത്തിൽ തന്നെ മറെറാരു സൈന്യം ഈസ്റ്റ് പ്രഷ്യൻ അതൃത്തിയിലേക്കു് കുതിക്കയാണെന്നു് തോന്നിയതു് ഇപ്പോൾ രണ്ടു കൈവഴികളായി പിരിഞ്ഞു് ഒന്നു് ലാററ്വിയായിൽ കൂടെ റിഗാ നഗരിക്കും, മറേറ കൈവഴി എസ്തോണിയായിൽകൂടെ ബാൾട്ടിക്കു് കടലിലേക്കും കുതിക്കുകയാണു്. വാർസാവു് രംഗത്തെക്കാൾ ബാൾട്ടിക്കു് രംഗം പ്രധാനമായി തോന്നിയ അതേഘട്ടത്തിൽ ഇതെല്ലാം അപ്രധാനമാണെന്നു് തോന്നിക്കുമാറാണു് ഈസ്റ്റ് പ്രഷ്യൻ അതൃത്തിയിൽ റഷ്യൻ സൈന്യവ്യൂഹം കൂടുന്നതു്. ഈവിധം ഒരു സ്ഥലത്തെങ്കിലും ജർമ്മൻകാർക്കു് അല്പമെങ്കിലും ആശ്വാസം കൊടുക്കാതെയാണു് റഷ്യക്കാർ ആചരിച്ചുവരുന്ന യുദ്ധതന്ത്രം. മാത്രമല്ല, വലിയ വലിയ ജർമ്മൻ സൈന്യങ്ങൾ ഓരോ സ്ഥലത്തു കുപ്പിയിൽ കോക്കിട്ടടച്ചപോലെ കിടക്കുകയും ചെയ്യുന്നു. ഇവയെല്ലാം കൂടി ശേഖരിക്കുവാനുള്ള സമയമോ സൌകര്യമൊ റഷ്യക്കാർ ജർമ്മൻകാർക്കു് കൊടുക്കുന്നതുമില്ല. അടുത്തവസരത്തിൽ റഷ്യൻ സൈന്യം ഈസ്റ്റ് പ്രഷ്യയിൽ കടക്കുന്നതു കാണാറാകും. ഈ പ്രദേശം റഷ്യയുടെ കയ്വശം വന്നാൽ മേലിൽ അതിന്റെ അവകാശി ആരായിരിക്കും? പോളണ്ടു് ഈസ്റ്റ്പ്രഷ്യ തനിക്കുള്ളതാണെന്നു പറയുന്നുണ്ടു്. ഈ അവകാശം സാധുവാണെന്നു് സ്റ്റാലിൻ സമ്മതിക്കുന്നതുമുണ്ടു്.

## ചരിത്രപ്രധാനമായ ആഴ്ച

ഈ ആഴ്ച, യുദ്ധകാലത്തുണ്ടായതിൽ വളരെ ചരിത്രപ്രധാനമായ ഒന്നാണെന്നു് ഐക്യകക്ഷിസൈന്യങ്ങൾ കരുതേണമെന്നു നിർദ്ദേശിച്ചുകൊണ്ടു് ജനറൽ ഐസ്നോവർ സൈന്യങ്ങൾക്കു് നൽകിയ ഒരു കല്പനയുടെ ഗൌരവം അതാ പുറത്തുവന്നിരിക്കുന്നു. ഫ്രാൻസിന്റെ തെക്കുഭാഗത്തു ഐക്യകക്ഷികളുടെ ഒരു മഹാസൈന്യശക്തി ആഗസ്റ്റ് 15-ാം തിയ്യതി ചെന്നിറങ്ങിയിരിക്കുന്നു. ഏറക്കുറെ പതിനാലായിരം ഭടന്മാർ പാരച്യൂട്ടു് വഴിയായിത്തന്നെ ചെന്നിറങ്ങീട്ടുണ്ടത്രേ. ഹിററ്ലറുടെ കോട്ടയുടെ മറെറാരു ഭാഗമാണു് ഇതുകൊണ്ടു് തകരുന്നതു്; എന്നാൽ ഈയാഴ്ചയിലെ ഗൌരവ സംഭവങ്ങൾ ഇതുകൊണ്ടു മതിയായൊ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾതന്നെ ബാൾക്കൻസ് ഒന്നാന്തരം ഒരു ലക്ഷ്യമാണു് ഐക്യകക്ഷിസൈന്യങ്ങളുടെ ബോംബുകൾക്കു്; എന്തുകൊണ്ടു് ഒരു ഗംഭീരമായ ആക്രമണത്തിന്നു തന്നെ അതു ലക്ഷ്യമായിക്കൂടാ?

# ബ്രിട്ടീഷ്-ജർമ്മൻ യുദ്ധം

## 259-ാമത്തെ ആഴ്ച

## 1939 സെപ്തംബർ 3-ാം തിയ്യതി ആരംഭിച്ചു

# ധാന്യസംഭരണവും വിതരണവും

## മലബാറിന് ബാധകമാക്കിയ പുതിയ റഗുലേഷൻ

1944 ലെ മലബാർ ഭക്ഷണധാന്യ വിലയേല്പ്പു റഗുലേഷനിൽ കൃഷിയുടമസ്ഥന്മാരുടെ അവകാശാധികാരങ്ങളേയും ചുമതലകളേയും വിവരിക്കുന്ന ഒരു വിഭാഗവും ധാന്യവിതരണത്തിനുള്ളവരെ സ്പർശിക്കുന്ന മറെറാരു വിഭാഗവും ഉണ്ട്. ഇതിൽ ആദ്യത്തെ വിഭാഗമനുസരിച്ചു മഴ ഭയന്നിട്ടോ മറേറാ പെട്ടെന്നു കൊയ്യേണ്ടതാവശ്യമാണെന്നു തോന്നുന്നപക്ഷമല്ലാതെ യാതൊരു കൃഷിക്കാരനും അംശം മേനോന്ന് ഏഴു ദിവസത്തെ രേഖാമൂലമായ മുന്നറിയിപ്പു കൊടുക്കാതെ റേഷൻ ധാന്യങ്ങൾ കൊയ്യുവാൻ പാടുള്ളതല്ല. അസാധാരണ സന്ദർഭങ്ങളിൽ കൊയ്ത്തു നടക്കുന്നപക്ഷം ഉടൻ വിവരം അറിവു കൊടുക്കേണ്ടതാണ്.

കൊയ്തു മെതിച്ച ധാന്യം മുഴുവൻ, വല്ലികൊടുത്തു കഴിച്ചുള്ളതു, ഉണക്കി നില അറകളിൽ സൂക്ഷിക്കാൻ കൃഷിയിറക്കിയവർ ബാദ്ധ്യസ്ഥരാണ്. ജന്മിക്കോ കാണക്കാരനോ കൊടുക്കേണ്ട നെല്ല് രശീതു വാങ്ങികൊടുക്കാവുന്നതാണ്. ഈ ധാന്യം ഗ്രെയിൻ പർച്ചേസിംഗ് ഓഫീസർക്കോ അധികാരപ്പെടുത്തപ്പെട്ട മറെറാരാൾക്കോ വിലയ്ക്കു കൊടുക്കുന്നതുവരെ സൂക്ഷിക്കാൻ ജന്മിയോ കാണക്കാരനോ ബാദ്ധ്യസ്ഥനാകുന്നു.

വിത്തിന്റെ ആവശ്യാർത്ഥം കൃഷി ഡിപ്പാർട്ട്മെന്റിന്ന് റേഷൻ ധാന്യങ്ങൾ വില്ക്കാവുന്നതാണ്; അതിന്നു വൌച്ചർ വാങ്ങിയിരിക്കണം. കൃഷിക്കാർ സൂക്ഷിക്കേണ്ടുന്ന സ്വന്തമാവശ്യത്തിനുള്ള വിത്ത് രേഖാമൂലമായ സമ്മതമില്ലാതെ മററാവശ്യങ്ങൾക്കുപയോഗിച്ചുകൂടാ. സൂക്ഷിച്ചുവച്ച വിത്തു ഗ്രെയിൻ പർച്ചേസിംഗാഫീസർക്കു വില്ക്കുന്നതിന്നു വിരോധമില്ല.

ഗ്രെയിൻ പർച്ചേസിംഗാഫീസർക്കു വില്ക്കുന്നതിന്നുമുമ്പു ധാന്യങ്ങൾ ചേറിയുണക്കാൻ കൃഷിയുടമസ്ഥൻ ബാദ്ധ്യസ്ഥനാകുന്നു.

കുടുംബാവശ്യങ്ങൾക്കായി ഒരു കൃഷിയുടമസ്ഥൻ കയ്യുവശം വയ്ക്കുന്ന റേഷൻ ധാന്യങ്ങൾ, ഒരു റേഷൻ കാർഡനുസരിച്ചു കിട്ടിയതായി ഗണിച്ചുമാത്രമേ ചിലവാക്കാവൂ.

ധാന്യങ്ങൾ വില്ക്കുമ്പോൾ ഗ്രെയിൻ പർച്ചേസിംഗാഫീസരുടേയോ അധികാരപ്പെടുത്തപ്പെട്ട മററാരുടെയെങ്കിലുമോ വൌച്ചർ നെല്ലുടമയ്ക്കും, നെല്ലുടമ പണം വാങ്ങിയതിനൊരു രസീത് മേൽ പറഞ്ഞ ഉദ്യോഗസ്ഥനും കിട്ടിയിരിക്കേണ്ടതാണ്.

കൊയ്ത്തു കഴിഞ്ഞാലുടൻ വിളവിന്റെ ഒരു മതിപ്പു കണക്കു കാണിച്ച് പർച്ചേസിംഗാഫീസർ, നെല്ലുടമയ്ക്കൊരു നോട്ടീസയയ്ക്കുന്നതാണ്.

ഈ മതിപ്പ് അംഗീകൃതമാകുന്നപക്ഷം നെല്ലുടമ കൈപിടിച്ചുകൊടുക്കേണ്ട നെല്ലത്രയെന്നു കണക്കാക്കാൻ ആ മതിപ്പു കണക്കുതന്നെ അടിസ്ഥാനമായെടുക്കും.

മതിപ്പുകണക്കിനെപ്പററി ആക്ഷേപമുണ്ടെങ്കിൽ നോട്ടീസു കിട്ടി ഒരാഴ്ചയ്ക്കുള്ളിൽ ഗ്രെയിൻ പർച്ചേസിംഗാഫീസർക്ക് അപ്പീൽ ബോധിപ്പിക്കേണ്ടതാണ്.

പ്രസ്തുത ഓഫീസർ ആവശ്യമെന്നു തോന്നുന്ന അന്വേഷണം നടത്തി കല്പന പാസാക്കുന്നതായിരിക്കും.

ആ കല്പനയെപ്പററി ആക്ഷേപം കേൾക്കാൻ ഒരാഴ്ചക്കുള്ളിൽ ജില്ലാ ഗ്രെയിൻ പർച്ചേസിങ്ങാഫീസർക്കപ്പീൽ ബോധിപ്പിക്കാവുന്നതും അദ്ദേഹത്തിന്റെ തീർപ്പു അവസാനത്തീർപ്പായിരിക്കുന്നതുമാണ്.

ഈ റഗുലേഷനിലേതെങ്കിലും തെററി നടന്നതായി ബോദ്ധ്യപ്പെട്ടാലുടൻ നെല്ലുടമകൾ വിവരം അധികൃതന്മാരെ അറയിക്കേണ്ടതാണ്.

### ധാന്യവിതരണം

റേഷൻ ധാന്യങ്ങൾ വിതരണം ചെയ്യാനുള്ളവർ 5,000 ക. കെട്ടിവച്ചു കരാറിലേർപ്പെടുന്നവരായിരിക്കും. ഇവരാണ് കൃഷിയുടമകളിൽനിന്നു ധാന്യങ്ങൾ വിലകൊടുത്തു വാങ്ങേണ്ടതു്. വാങ്ങി ശേഖരിച്ച ധാന്യങ്ങൾ കേടുവന്നാലതിന്നുത്തരവാദിത്വം ഇവർതന്നെ വഹിക്കണം.

മദിരാശി റേഷനിങ്ങ് പദ്ധതിയനുസരിച്ചു റേഷൻ ഏർപ്പെടുത്തുന്ന ഓരോ പ്രദേശത്തും റേഷൻ വസ്തുക്കളുടെ വിതരണം സംബന്ധിച്ചു റേഷനിങ്ങ് ഉദ്യോഗസ്ഥന്മാർക്കു ഉപദേശം നൽകുന്നതിന്നു ഓരോ റേഷനിങ്ങ കമ്മററി ഏർപ്പെടുത്തണമെന്നു വ്യവസ്ഥയുണ്ട്. അതനുസരിച്ചു മലബാറിൽ അത്തരം കമ്മിററികൾ ഏർപ്പെടുത്തേണ്ടതിനെപ്പററി മദിരാശി റവന്യൂ ബോഡ് (സിവിൽ സപ്ലൈസ്) ആപ്പീസിൽനിന്നു കല്പന പാസ്സാക്കിയിരിക്കുന്നു. മലബാർ ജില്ലയിലൊട്ടാകെ റേഷൻ ഏർപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കെ ഇവിടെ ഏർപ്പെടുത്തേണ്ട കമ്മിററികളെപ്പററി ബോഡു ആലോചന ചെയ്യുവെന്നും, ജില്ലയിൽ ധാന്യങ്ങൾ വിലകെട്ടലും വിതരണവും ഉള്ളതുകൊണ്ടു ഈ കമ്മിററികൾക്കു ഭക്ഷണ കമ്മിററികൾ എന്നായിരിക്കും പേരെന്നും റവന്യൂ ബോഡിന്റെ കല്പനയിൽ പറഞ്ഞിട്ടുണ്ട്. കമ്മിററികളുടെ രൂപീകരണം താഴെ കാണും വിധമായിരിക്കും.

### ജില്ലാ ഭക്ഷണക്കമ്മിററി

ജില്ലയിലെ ഭക്ഷണ കൌൺസിലിന്റെ രൂപീകരണത്തിൽ ഭേദഗതി ചെയ്തു താഴെ ചേർത്തവരെക്കൂടി അതിൽ മെമ്പർമാരായി നോമിനേററു ചെയ്യുന്നതാണ്: ഡിസ്ത്രിക്ട് റേഷനിംങ് ആഫീസർ, ഡിസ്ത്രിക്ട് ഗ്രെയിൻ പർച്ചേസിങ്ങ് ആഫീസർ, ഡിസ്ത്രിക്ട് അഗ്രിക്കൾച്ചറൽ ആഫീസർ, മൊത്ത വില്പനക്കാരുടെ രണ്ടു പ്രതിനിധികൾ, ചില്ലറ വില്പനക്കാരുടെ മൂന്നു പ്രതിനിധികൾ ഉപഭോക്താക്കളുടെ രണ്ടു പ്രതിനിധികൾ ഇവരിൽ ഒന്നു സ്ത്രീയായിരിക്കും), നിലവിലുള്ള മെമ്പർമാരിൽ അനേകം പേർ ഭൂമിയുടമസ്ഥന്മാരായതുകൊണ്ടു ഭൂമിയുടമസ്ഥന്മാരുടെ പ്രതിനിധിയായി വല്ലവരേയും നോമിനേററു ചെയ്യുന്നതാവശ്യമാണെന്നു ബോഡിന്നു തോന്നുന്നില്ല.

### താലൂക്കു കമ്മിററികൾ

ഈ കമ്മിററികളുടെ ചേയർമാൻ അതാതു പ്രദേശത്തെ ഡിവിഷനൽ ആപ്പീസറായിരിക്കും. താഴെ പേർ ചേർത്തവർ ഓരോ കമ്മിററിയിലേയും മെമ്പർമാരായിരിക്കുന്നതാണ്: താലൂക്കു താസിൽദാർ, താലൂക്കു റേഷനിങ്ങ് ആപ്പീസർ, താലൂക്കു ഗ്രെയിൻ പർച്ചേസിങ്ങ് ആപ്പീസർ, മൊത്ത വില്പനക്കാരുടെ ഒരു പ്രതിനിധി, ചില്ലറ വില്പനക്കാരുടെ രണ്ടു പ്രതിനിധികൾ, ഉപഭോക്താക്കളുടെ മൂന്നു പ്രതിനിധികൾ (ഇവരിൽ ഒന്ന് സ്ത്രീയായിരിക്കും), ജന്മികളുടേയും കാണംദാർമാരുടേയും ഒരു പ്രതിനിധി, യഥാർത്ഥകൃഷിക്കാരുടെ ഒരു പ്രതിനിധി, താലൂക്കു റേഷനിങ്ങ് ആപ്പീസറായിരിക്കും ഓരോ കമ്മിററിയുടെയും സെക്രട്ടറി.

ഈ കമ്മിററികൾ അല്പകാലം പ്രവൃത്തി ചെയ്തുകൊണ്ടിരിക്കെ, പ്രാദേശിക കേന്ദ്രങ്ങളിൽ പ്രാദേശ കക്കമ്മിററികൾ ആവശ്യമാണെന്നു ബോദ്ധ്യം വരുന്നപക്ഷം അപ്പോൾ അതിനെ സംബന്ധിച്ച നിർദ്ദേശം നൽകുന്നതാണെന്നും റവന്യൂ ബോർഡിന്റെ കല്പനയിൽ പറഞ്ഞിട്ടുണ്ട്.

### ധാന്യവില പ്രശ്നം

(പൌരശക്തി റിപ്പോർട്ട്.)

മൊത്ത വില്പനക്കാർ വിലകെട്ടുകുന്ന ധാന്യങ്ങൾ വിതരണം ചെയ്യുന്നതിൽ അവർക്കുണ്ടാകുന്ന ചെലവുകളും മററും കൂട്ടി അതിനെയും ആസ്പദപ്പെടുത്തി ചില്ലറ വില്പനയുടെ വില നിജപ്പെടുത്തുന്നതിന്നു, റവന്യൂ ബോർഡിലെ സ്റ്റാററിസ്റ്റിക്കൽ ആപ്പീസർ മി. ടി. എസ്സ്. രാജഭക്ഷണം വിളിച്ചുകൂട്ടിയപ്രകാരം മൊത്ത വില്പനക്കാരുടെ ഒരു യോഗം ഇന്നലെ ഡിസ്ത്രിക്ട് റേഷനിങ്ങാപ്പീസ്സിൽ ചേരുകയുണ്ടായി. ക്ലിപ്തമായ ഒരു തീരുമാനത്തിലെത്തീട്ടില്ലെന്നും ആലോചന ഇനിയും തുടരുമെന്നും ആണറിയുന്നതു്. കൃഷിക്കാരിൽനിന്നും ജന്മികളിൽനിന്നും മററും വാങ്ങുന്ന ഭക്ഷണധാന്യങ്ങളുടെ വില നിജപ്പെടുത്തുന്നതിനെ സംബന്ധിച്ചു മലബാർ കലക്ടർ, സംസ്ഥാന റേഷൻ കൺട്രോളർ, ഡിസ്ത്രക്ട് ഗ്രെയിൻ പർച്ചേസിങ്ങ് ആപ്പീസർ, ഡിസ്ത്രിക്ട് റേഷനിങ്ങ് ആപ്പീസർ, പാലക്കാട്ടു സബ് കലക്ടർ ഇവരുടെ ഒരു സമ്മേളനം ഇന്നലെ വൈകുന്നേരം കലക്ടരുടെ ബങ്കളാവിൽവെച്ചു നടക്കുകയുണ്ടായി. താല്ക്കാലികമായ ചില തീരുമാനങ്ങൾ സമ്മേളനം ചെയ്തിരിക്കുന്നുവെന്നറിയുന്നു. ഇതു സംബന്ധിച്ചു ഫുഡ് സപ്ലൈ കമ്മീഷണരുടെ കല്പന രണ്ടു ദിവസത്തിനകം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതു്.

### ധാന്യവിതരണം സംബന്ധിച്ചു്

റേഷനിങ്ങും ധാന്യവിലകെട്ടലും സംബന്ധിച്ചുള്ള ആപ്പീസർമാരുടെ ഒരു യോഗം ഇന്നിയാന്നു ഡിസ്ത്രിക്ട് റേഷൻ ആപ്പീസിൽവെച്ചു ചേർന്നതിൽ സംസ്ഥാന റേഷൻ കൺട്രോളർ ദിവാൻ ബഹദൂർ ഗ്രബ്ബ് വേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഈ ഉദ്യോഗസ്ഥന്മാർ

(ശേഷം 12-ാം പെജിൽ)

# സാമൂതിരിയും കുഞ്ഞാലിമരക്കാരും

(കരിമ്പുഴ രാമകൃഷ്ണൻ, എം. എ., എൽ. ടി.)

## രംഗം I

സ്ഥലം—സാമൂതിരിയുടെ കൊട്ടാരം

(സാമൂതിരിയും ഇളംക്രൂരും പ്രവേശിക്കുന്നു.)

സാമൂതിരി: കണ്ടില്ലെ ഉണ്ണി! മരക്കാർ പറങ്കികളുടെ ഏട്ടനായിട്ടാണ് പുറപ്പാട്. ഒരു കൊല്ലമായി നമുക്കു ചേരേണ്ട രാജഭോഗമൊന്നും അടച്ചിട്ടില്ല. ഇതുവരെ നമ്മെ വന്ന് കാണുകകൂടി ചെയ്തില്ല.

ഇളംക്രൂർ: രാജഭോഗം ബാക്കിവെക്കേണ്ടിവന്നതിലുള്ള മാനക്കേടുകൊണ്ടും, അമ്മാമൻ എന്തു ചെയ്യുമോ എന്ന ഭയംകൊണ്ടുമാണ് തിരുമുമ്പാകെ വരാത്തതു്. കുറച്ചു ദിവസംമുമ്പ് അയാൾ എന്നെ കാൺമാൻ വന്നിരുന്നു.

സാമൂതിരി: ഓ, അതുണ്ടായോ? എന്താണത്രെ കിസ്തുകൾ അടക്കാത്തതു്.

ഇളംക്രൂർ: അതിനുള്ള കാരണം മരക്കാർ എന്തിന് പറയണം? നമുക്കുതന്നെ ആലോചിച്ചാൽ അറിഞ്ഞുകൂടെ? കഴിഞ്ഞ ഒരു കൊല്ലമായി പറങ്കികളുടെ മുഷ്ക്ക് ഭയങ്കരമായിത്തീൎന്നിട്ടുണ്ട്. തങ്ങളുടെ സൎവ്വശക്തികളും അവർ നമുക്കു നേരെ തിരിച്ചുവിട്ടിരിക്കയാണ്. കുഞ്ഞാലി മരക്കാർ ഒരുത്തനില്ലെങ്കിൽ അവർ ഇതിന്നുമുമ്പ് നാടു ചുട്ടുപൊട്ടിച്ചിരുന്നു. ഈ ഒരൊററ കൊല്ലത്തിന്നിടയിൽ മുക്കപ്പെട്ടിട്ടുള്ള കപ്പലിന്നും വഞ്ചിക്കും വല്ല കൈയ്യും കണക്കുമുണ്ടോ. ഈ നാശനഷ്ടങ്ങളൊക്കെ ഉടനടി നികത്തി പറങ്കികളെ തടഞ്ഞുനിൎത്താൻ മരക്കാർ പെടുന്ന പാട് ദൈവത്തിന്നു മാത്രം അറിയാം.

സാമൂതിരി: അങ്ങനെയാണെങ്കിൽ നമുക്കടക്കേണ്ട കിസ്തുകൾ അടക്കേണ്ടായിരിക്കാം.

ഇളംക്രൂർ: അടക്കേണ്ട എന്നുതന്നെയാണ് എന്റെ പക്ഷം. രാജ്യരക്ഷക്കുവേണ്ടി മരക്കാർ ചെയ്യുന്ന ചെലവ് നാം വകവെച്ചു കൊടുക്കണം.

സാമൂതിരി: രാജ്യരക്ഷക്കല്ല കുഞ്ഞാലി ചെലവു ചെയ്യുന്നതു്. മാപ്പിളമാരുടെ കച്ചവടം നിലനിൎത്തിപ്പോരാനാണ്. അതിന്നു ചെലവു ചെയ്യേണ്ടവർ നാമല്ല. അവർതന്നെയാണ്.

ഇളംക്രൂർ: വിദേശങ്ങളുമായി മാപ്പിളമാർ നടത്തിവരുന്ന വമ്പിച്ച വാണിജ്യമാണ് നമ്മുടെ ഭണ്ഡാരം നിറക്കുന്നതെന്ന് അമ്മാമൻ മറക്കുന്നു.

സാമൂതിരി: മാപ്പിളമാരില്ലെങ്കിലെന്താണ് കച്ചവടം നിലച്ചുപോകുമോ—വേറെയെത്ര പേരുണ്ട് അതേറെറടുക്കുവാൻ ഒരുങ്ങി നില്ക്കുന്നു.

ഇളംക്രൂർ: വേറെ ആരാണുള്ളതു്. പറങ്കികളോ?

സാമൂതിരി: പറങ്കികളായാൽ എന്താണ് വിരോധം?

ഇളംക്രൂർ: ഒരു വിരോധവും ഇല്ലാ അല്ലെ. കഴിഞ്ഞ കഥയൊക്കെ അമ്മാമൻ മറന്നുപോയെന്നു തോന്നുന്നു.

സാമൂതിരി: പറങ്കികൾ വളരെക്കാലമായി നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ശത്രുക്കളാണെന്ന് ഞാൻ മറക്കുന്നില്ല. എന്നാൽ ആ ശത്രുതക്കു കാരണം ഈ മാപ്പിളമാരാണ്. ഇവരെ നാം കൈവെടിയുകയാണെങ്കിൽ പറങ്കികൾ നമ്മുടെ ഉററബന്ധുക്കളായിത്തീരും.

ഇളംക്രൂർ: എന്തിലാണ് പറങ്കികളുടെ ബന്ധുത്വം പ്രയോജനപ്പെടുക? നമ്മുടെ സ്വാതന്ത്ര്യത്തെ പോർച്ചുഗല്ലിന്റെ അടിമയാക്കുവാനോ? മുളയിൽത്തന്നെ നുള്ളിക്കളയേണ്ട വിഷവൃക്ഷമാണിതു്.

സാമൂതിരി: വെറുതെ എന്തിന് വാദിക്കുന്നു? കുഞ്ഞാലി മരക്കാരുടെ സമ്പ്രദായങ്ങൾ എനിക്ക് അശേഷം പിടിച്ചിട്ടില്ല. പുതുപട്ടണത്തും, കോട്ടക്കല്ലുമുള്ള ഹിന്തുക്കൾക്ക് അവനെക്കൊണ്ട് ഇരിക്കപ്പൊറുതിയില്ലെന്നാണ് കേൾവി. പല ആക്ഷേപങ്ങളും ഇവിടെ എത്തീട്ടുണ്ട്.

ഇളംക്രൂർ: കേട്ടതൊക്കെ അമ്മാമൻ വിശ്വസിക്കാൻ തുടങ്ങിയാൽ പ്രയാസമാണ്. മരക്കാൎക്കു കൈവന്നിട്ടുള്ള സ്ഥാനമാനങ്ങൾ അവിടങ്ങളിലെ പഴയ പ്രഭുകുടുംബങ്ങളെ അസൂയാകലുഷിതരാക്കീട്ടുണ്ട്. അസൂയക്ക് കെട്ടിയുണ്ടാക്കാൻ കഴിയാത്ത കഥകളൊന്നുമില്ല.

സാമൂതിരി: താൻ എന്തു വേണമെങ്കിൽ പറഞ്ഞോളൂ. ഒരാഴ്ചക്കുള്ളിൽ മരക്കാർ കിസ്തു മുഴുവൻ തീൎത്തടച്ചിട്ടില്ലെങ്കിൽ ചെയ്യേണ്ടതെന്താണെന്ന് എനിക്കറിയാം. എന്നാൽ നമുക്കിപ്പോൾ പിരിയാം. നേരം വല്ലാതെ വൈകി.

## രംഗം II

സ്ഥലം—കൊച്ചി, പറങ്കികളുടെ ഇമാനുവേൽ കോട്ട

(പറങ്കിപ്പട്ടാളത്തിലെ ഒരു ഉയൎന്ന ഉദ്യോഗസ്ഥൻ ഫർണാണ്ടീസിന്റെ ഭാൎയ്യയായ മേരി പ്രവേശിക്കുന്നു.)

മേരി: പാപി ചെല്ലുന്നേടം പാതാളം. ഈ ലോകത്തിൽ എവിടെപ്പോയാലും എനിക്ക് സമാധാനവും സുഖവും കൈവരുകയില്ല. എന്റെ പിന്നാലെ നിഴൽപോലെ എന്റെ പാപവുമെത്തുന്നു. പിറന്നു വളൎന്ന നമ്പൂതിരി സമുദായം എന്നെ ആട്ടിപ്പുറത്താക്കി. എന്റെ മാനത്തെ രക്ഷിക്കേണ്ടവർതന്നെ എന്റെ ചാരിത്രദോഷം വിളിച്ചോതി എന്നെ പുറത്താക്കി. അർദ്ധരാത്രി സമയത്ത് ആത്മഹത്യചെയ്വാൻ പുറപ്പെട്ട എന്നെ യദൃച്ഛയാ ഫർണാണ്ടീസ് കണ്ടെത്തി. അയാൾ എന്റെ ആ പരിശ്രമം തടഞ്ഞു. ഫർണാണ്ടീസ് എന്നെ ഉള്ളഴിഞ്ഞു സ്നേഹിക്കുന്നുണ്ടെന്ന് ഞാൻ വിചാരിച്ചു. അയാളുടെ ഉപദേശപ്രകാരം ഞാൻ മതം മാറി. വിധിയാംവണ്ണം അയാളെ വിവാഹം ചെയ്തു. അതോടുകൂടി അവമാനകരമായ എന്റെ പൂൎവ്വജീവിതത്തിന്നുമേൽ എന്നന്നേക്കുമായി തിരശ്ശീല വീണു കഴിഞ്ഞുവെന്ന് ഞാൻ വിചാരിച്ചു. മാനത്തോടെ ജീവിക്കാമെന്ന് ഞാൻ ആശിച്ചു. ആ ദിവാസ്വപ്നങ്ങൾ നീർക്കുമിളകൾപോലെ ഞൊടിയിടകൊണ്ട് ഉടഞ്ഞു തകർന്നുപോയി. ഫർണാണ്ടീസ് സുഭഗനാണ്; മധുരമായ സംസാരിക്കും. മൎയ്യാദയോടെ പെരുമാറും. എന്നാൽ ഹൃദയശൂന്യനാണ്. പ്രേമം എന്നതു് എന്തെന്നറിയാത്തവനാണ്. കാമത്തിന്റെ കോമരമാണ്. അയാൾ പാടിയ പ്രേമഗാനങ്ങൾ ഇന്നും എന്റെ കൺപുടങ്ങളിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഒരു കൊല്ലമായി ഞങ്ങൾ ഭാൎയ്യാഭൎത്താക്കന്മാരായി ജീവിക്കുന്നു. എന്നിട്ട്:—

(ഫർണാണ്ടീസ് പ്രവേശിക്കുന്നു.)

ഫർണാണ്ടീസ്: മേരീ! ഇതെന്താണ്. ഭവതിയുടെ മുഖം വാടിയിരിക്കുന്നുവല്ലോ. അനായാസേന ലഭിച്ച മഹാഭാഗ്യത്തിൽ ആനന്ദിക്കൂ. ഇന്ത്യയിലെ പോർച്ചുഗീസ് ഗവർണ്ണരുടെ പ്രേമഭാജനം. ഹാ! എത്ര ഉന്നതമായ പദവിയാണതു്?

മേരി: മതി, മതി, നിൎത്തു്. നിങ്ങൾക്കു നാണവും മാനവുമില്ലെങ്കിൽ എനിക്കുണ്ട്. നിങ്ങളിത്ര സ്നേഹമില്ലാത്തവനാണെന്ന് ഞാൻ വിചാരിച്ചിരുന്നില്ല.

ഫർണാണ്ടീസ്: എന്നെപ്പോലെ ഭവതിയെ സ്നേഹിക്കുന്നവൻ വേറെ ആരുമില്ല. എന്റെ മേരിയെ വിട്ടുപിരിവാൻ എനിക്ക് എന്തെന്നില്ലാത്ത വ്യസനമുണ്ട്. എന്നാൽ നിങ്ങളുടെ ഉൽക്കൎഷമാൎഗ്ഗത്തിൽ വിലങ്ങടിച്ചു നില്പാൻ എനിക്ക് ഇഷ്ടമില്ല.

മേരി: വേണ്ട. എനിക്കു ആ പദവി വേണ്ട. ഗവർണ്ണരുടെ വെപ്പാട്ടിയായിരിപ്പാൻ ഞാൻ ഭാവമില്ല. ആജീവനാന്തം നിങ്ങളുടെകൂടെ താമസിക്കുവാൻ ഞാൻ ഒരുക്കമാണ്. നിങ്ങൾ എന്നെ കൈവെടിയരുതു്.

ഫർണാണ്ടീസ്: ഗവർണ്ണരുടെ കല്പനയാണ്. അതു ലംഘിച്ചാൽ നമ്മൾ രണ്ടു പേരുടേയും പ്രാണൻ അപകടത്തിലാകും.

മേരി: അതിനെക്കുറിച്ച് എനിക്ക് ഭയമില്ല. മരിക്കാൻ ഞാൻ ഒരുക്കമാണ്.

ഫർണാണ്ടീസ്: അതിന്ന് ഞാനൊരുക്കമില്ല. നിങ്ങൾ ഗോവക്ക് പോകതന്നെ വേണം.

മേരി: ഫർണാണ്ടീസ്! നിങ്ങളെപ്പോലെ ഒരു വഞ്ചകനെ ഞാൻ കണ്ടിട്ടില്ല. എന്നും രക്ഷിച്ചുകൊള്ളാമെന്ന് പ്രതിജ്ഞചെയ്തു് നിങ്ങൾ എന്നെ വിവാഹം കഴിച്ചു. എന്നിട്ടു ഇപ്പോൾ. . . .

ഫർണാണ്ടീസ്: ഇപ്പോഴെന്താണ്? നിങ്ങളെ ഞാൻ അഗതിയാക്കി തെരുവിലിറക്കി വിട്ടുവോ? എന്നെ വിവാഹം ചെയ്തുകൊണ്ടാണ് നിങ്ങൾക്ക് ഈ വലിയ പദവി ലഭിക്കുവാൻ ഇടയായതു്. അതു് മറന്നുപോകേണ്ട.

മേരി: ഛീ! മതിയാക്കു ഈ ദുർഭാഷണം. നിങ്ങൾ ഒരു പുരുഷനാണെന്ന് അഭിമാനിക്കുന്നുണ്ടല്ലോ. മാനംകെട്ട നപുംസകം.

ഫർണ്ണാണ്ടീസ്: എന്തു വേണമെങ്കിൽ പറഞ്ഞുകൊള്ളൂ. ഞാനതിൽ പരിഭവിക്കുന്നില്ല. ഇന്നു വൈകുന്നേരം നമുക്കു പുറപ്പെടണം. തുറമുഖത്തു കപ്പൽ തയ്യാറായി നില്ക്കുന്നു. ഞാൻ പോയി യാത്രക്കൊരുക്കട്ടെ. (പോകുന്നു.)

രംഗം III

സ്ഥലം—ഇളംക്രൂറിന്റെ കോവിലകം.

(ഇളംക്രൂറും കുഞ്ഞാലി മരക്കാരുടെ കാര്യസ്ഥൻ ഹസ്സനാജിയും പ്രവേശിക്കുന്നു.)

ഇളംക്രൂർ: എവിടുന്നാ?

കാര്യസ്ഥൻ: മുതലാളിടെ ആളാ ഏമാന്നേ.

ഇളംക്രൂർ: മരക്കാർക്കു സുഖംതന്നെയല്ലെ?

കാര്യസ്ഥൻ: ബിശേഷിച്ച് സൊഹക്കേടൊന്നുല്ല. കിസ്തു ബാക്കി മുഴവൻ തന്നയച്ചിട്ടുണ്ട്.

ഇളംക്രൂർ: ഇത്ര വേഗം സംഖ്യ തയ്യാറാക്കാൻ എങ്ങനെ സാധിച്ചു.

കാര്യസ്ഥൻ: പടച്ചോൻ ഒരു ബയി കാണിച്ചുന്നു. പൊതന്നായിച്ച പൊന്നാനിവെച്ച് പറങ്കേൾടെ ഒരു കപ്പല് പിടിച്ചു. സലിക്കാലത്തെ തിട്ടക്കം തീരാനുള്ളതൊക്കെ അതീന്നു കിട്ടി.

ഇളംക്രൂർ: കപ്പലിലുണ്ടായിരുന്നവരെ എന്തു ചെയ്തു.

കാര്യസ്ഥൻ: ഒക്കേനേം തടവുകാരാക്കി.

ഇളംക്രൂർ: അവരെ ഉടനെ ഇങ്ങോട്ടയയ്ക്കാൻ പറയണം. അനാവശ്യമായി ഉപദ്രവിക്കരുത്. നമ്മൾ അവരെപ്പോലെയാകരുതല്ലൊ.

കാര്യസ്ഥൻ: കല്പന അറിയിച്ചോളാം ഏമാന്നെ

ഇളംക്രൂർ: എന്നാൽ കിസ്തടച്ച് രശീതി വാങ്ങീട്ട് തനിക്കു പോകാം. സൗകര്യംപോലെ ഞാൻ അമ്മാമനോടു പറഞ്ഞ് എല്ലാം ശരിയാക്കിക്കൊള്ളാം.

കാര്യസ്ഥൻ: ഒന്നുകൂടി പറയാണ്ട് ഏമാനെ.

ഇളംക്രൂർ: എന്താണത്?

കാര്യസ്ഥൻ: പറയാൻ കൊള്ളൂല. പക്കെ ഇവിടെ കേപ്പിക്കാണ്ടും വയ്യ പറങ്കേൾടെ കൂടെ കണ്ടാ നന്നായിട്ട് ഒരു പെണ്ണും ഉണ്ട്.

ഇളംക്രൂർ: ആരാണ്, പറങ്കിയാ?

കാര്യസ്ഥൻ: അല്ലാ ഏമാന്നേ. നാടൻ പെണ്ണ്ന്നെ. പക്കെ കണ്ടാൽ കണ്ണു ചിന്നും. പൂവമ്പഴംപോലെ ഇരിക്കണ്. കഴിഞ്ഞ കൊല്ലൊറെ ഞമ്മന്റെ പാലപ്പൊയ മനക്കിന്ന് ഒരു കുട്ട്യേ ആട്ടിപ്പൊറത്താക്കീലേ?

ഇളംക്രൂർ: ആ സ്ത്രീയാണോ.

കാര്യസ്ഥൻ: അതെ ഏമാനെ.

ഇളംക്രൂർ: കഷ്ടം തന്നെ.

കാര്യസ്ഥൻ: അതിൽപ്പിന്നെ ഓല് പറങ്കേൾടെ ഒപ്പായ് രുന്നത്രെ.

ഇളംക്രൂർ: ശരി. ശേഷം കേൾക്കട്ടെ.

കാര്യസ്ഥൻ: ഒക്കപ്പാടെ ബലിയ ഗുലുമാല്ന്നെ. മൊതലാളി ഓലെ കെട്ടാൻ ഉറച്ചിരിക്കുന്നു. ഞമ്മക്കാർക്ക് അതു ഇഷ്ടോല്യ. പക്കെ മൊതലാളി ഞമ്മ പറഞ്ഞാ കേക്കണ്ടെ?

ഇളംക്രൂർ: ജനങ്ങളുടെ ഇഷ്ടത്തിന്നു വിരോധമായി മരക്കാർ അതു ചെയ്യോ?

കാര്യസ്ഥൻ: ചെയ്യും ഏമാന്നെ. അത്രയ്ക്കിണ്ടു കമ്പം. ഞമ്മ ഇതു ഇബിടെ കേപ്പിച്ചൂന്നേ ഉള്ളൂ. കാര്യം ബളരെ സൊകാര്യാ. എന്നാൽ ഞമ്മ ഇപ്പ ഒന്നും പറയ്യ്യല്ല.

ഇളംക്രൂർ: അങ്ങിനെയാവട്ടെ. (കാര്യസ്ഥൻ പോകുന്നു.)

രംഗം IV

സ്ഥലം—മരയ്ക്കാർ കോട്ട

(മേരി പ്രവേശിക്കുന്നു.)

മേരി: ഈശ്വരാ! അവിടുത്തെ നിശ്ചയത്തിനും പര്യവസാനമുണ്ട് അല്ലെ? ആവു. ഒടുവിൽ അങ്ങേയ്ക്കും എന്റെ പേരിൽ കരുണ തോന്നിയിരിക്കുന്നു. സ്നേഹം എന്ന വാക്കു തീരെ നിരർത്ഥകമല്ലെന്നു് കുഞ്ഞാലി മരയ്ക്കാർ ആദ്യമായി എന്നെ പഠിപ്പിച്ചു. അദ്ദേഹം എന്നും എന്നെ ഇങ്ങിനെ സ്നേഹിക്കുമെങ്കിൽ എന്റെ ഭാഗ്യത്തിന്നു് ഒരു കുറവുമില്ല. അതാ എന്റെ സ്നേഹിത കദീജ വരുന്നു എന്താ കദീജേ! എവിടെയ്ക്കാണു് ഇത്ര നേരത്തേ?

കദീജ: പുഴയിൽ കുളിയ്ക്കാൻ പോകയാണ്. നിങ്ങളും വരണം, ആമിനേ.

ആമീന: നേരം പുലരട്ടെ എന്നിട്ടു പോകാം.

കദീജ: പുലരുന്നതിന്നു മുമ്പ് കുളികഴിഞ്ഞു മടങ്ങണം വെളിച്ചായാൽ പുഴയിൽ ആണുങ്ങടെ തിരക്കാവും. എന്താ ആലോചിയ്ക്കുണ്—പേടിയ്ക്കാനൊന്നുമില്ല—മരയ്ക്കാർ കോട്ടയിലെ പെണ്ണുങ്ങളെത്തൊടാൻ ഉറയ്ക്കുന്ന ആണില്ല ഈ നാട്ടിൽ. നേരം പുലരാൻ അടുത്തു. പോരെങ്കിൽ നല്ല നിലാവും ഉണ്ട്. വരു.

ആമീന: ഞാനകത്തു പോയി പറഞ്ഞിട്ടു വന്നേക്കാം.

രംഗം V

(സ്ഥലം—പുഴ. ആമീനയും കദീജയും പ്രവേശിക്കുന്നു. ചില ഹിന്ദുസ്ത്രീകൾ പുഴയിൽ കുളിച്ചുകൊണ്ടിരിക്കുന്നു.)

കദീജ: ഇത്രനേരത്തെ വന്നിട്ടും കടവിൽ ആളുണ്ടല്ലൊ. ഉപദ്രവം കൂടാതെ കുളിച്ചുപോകാമെന്നു് വിചാരിച്ചു. അതിന്നാവുമെന്നു തോന്നുന്നില്ല.

ആമീന: തിരുവാതിരക്കാലമല്ലെ. അതാണ് ഇത്ര കാലത്തുതന്നെ കടവിൽ തിരക്ക്. വരു, നമുക്ക് കടവിന്റെ ഈ അറ്റത്തിറങ്ങാം.

ഒരു സ്ത്രീ: ആരാ അതു്? ഉമ്മാക്കു കുളിയ്ക്കാനുള്ള കടവാ ഇതു്? കേറിപ്പോവിൻ.

മറ്റൊരു സ്ത്രീ: വേണ്ടാതെ വഴക്കിന്നു പോണ്ട. കുഞ്ഞാലി മരക്കാരുടെ കെട്ടിയവളാണ് അതു്. അവർ കടവിൽ ഒരു ഭാഗത്തു് ഇറങ്ങിക്കുളിച്ചാൽ നിങ്ങൾക്കെന്തു വേണം?

ആദ്യത്തെ സ്ത്രീ: കുഞ്ഞാലി മരയ്ക്കാരെ ഇത്ര പേടിയ്ക്കാൻ അവനാരാ? എനിയ്ക്ക് ആണത്തം തികഞ്ഞ ആങ്ങളമാർ നാലുപേരുണ്ട്. എന്റെ മേൽ ഒരു പൂഴി നുള്ളിയിട്ടാൽ അപ്പോളറിയാം.

ആമീന: കദീജേ—എവിടേയ്ക്കാ നീ പോണതു്. വരു, ഇവിടെ ഇറങ്ങി കുളിയ്ക്കാം. പുഴ ഇവരുടെ സ്വന്തമാണോ?

ആദ്യത്തെ സ്ത്രീ: അല്ല, നിന്നെക്കൊണ്ടുപോയില്ലെ, ആ പറങ്കിടെയാണ്.

ആമീന: നല്ലപോലെ ആലോചിച്ചു സംസാരിച്ചോളൂ. അധികപ്രസംഗം പറഞ്ഞാൽ നാവു ഞാൻ വേരോടെ പറിയ്ക്കും.

ആദ്യത്തെ സ്ത്രീ: പോയ്ക്കോ മിണ്ടാതെ. ഞാൻ മുങ്ങിക്കേറി നില്ക്കയാണ്. എന്നെ തെറിച്ചാൽ നിന്റെ തേവിടിശ്ശിയാട്ടോക്കെ ഞാൻ മാറ്റും.

ആമീന: എന്താടി നിന്നെ തെറിച്ചാൽ.

ആദ്യത്തെ സ്ത്രീ: അപ്പുവേട്ടോ! അപ്പുവേട്ടോ, ഓടിവരണെ!

(അപ്പു നായർ ഓടിയെത്തുന്നു.)

അപ്പു നായർ: എന്താ അമ്മു?

ആദ്യത്തെ സ്ത്രീ: ഈ ഉമ്മ എന്നെ തെറിച്ചു.

അപ്പു നായർ: ആരാടി എന്റെ പെങ്ങളെ തെറിച്ചവൾ?

ആമീന: ഇതാ അങ്ങട്ട് മാറി നിന്നോളൂ. എന്നെ തൊട്ടാലറിയാം. വേണ്ട എന്റെ കൈ പിടിയ്ക്കേണ്ട, വിട്ടോളൂ. അതാണ് നല്ലതു്. കദീജ! കദീജേ—അല്ലാ നീ എവിടെപ്പോയി? ഓ! അദ്ദേഹത്തെ കൂട്ടിക്കൊണ്ടു് ഇതാ ഓടിവരുന്നല്ലൊ.

(കുഞ്ഞാലിയും കദീജയും പ്രവേശിക്കുന്നു.)

കുഞ്ഞാലി: ആരടാ എന്റെ പെണ്ണിന്റെ കൈ പിടിച്ചവൻ? നടക്കെടാ. നിന്നെ മുററത്തെ തെങ്ങിൽ വരിഞ്ഞുകെട്ടിയിട്ടു ബാക്കി വർത്തമാനം ചോദിച്ചുകൊള്ളാം. ആമിനേ, നേരമ്പോക്കു കാണണമെങ്കിൽ വേഗം കുളിച്ചു വരു.

അങ്കം 2

രംഗം I

സ്ഥലം—സാമൂതിരി കോവിലകം

(സാമൂതിരിയും, ഇളംക്രൂറും പ്രവേശിക്കുന്നു.)

സാമൂതിരി: കെട്ടിലെ ഉണ്ണി മരയ്ക്കാർ പ്രവർത്തിച്ച അക്രമം. അവനെ നീയാണു് ഇത്ര വളർത്തിയതു്.

ഇളംക്രൂർ: മരയ്ക്കാർ പ്രവർത്തിച്ചതു് അക്രമം തന്നെ. എന്നാൽ അപ്പു ചെയ്തതും ഒട്ടും നന്നായില്ല. ഒരു പെണ്ണിന്റെ കൈകടന്നു പിടിയ്ക്കാമോ?

സാമൂതിരി: പാടില്ലായിരിക്കാം. എന്നാൽ അതിന്നു് അയാളെ മുററത്തെ തെങ്ങിൽ കെട്ടിയിട്ടു് പഴുപ്പിച്ച ഇരുമ്പുകോൽകൊണ്ടു് നെറ്റിമേൽ ചൂടുവെയ്ക്കാൻ കുഞ്ഞാലിക്കാരാണു് അധികാരം കൊടുത്തതു്? ഞാനൊ അവനൊ ആരാണു് ശിക്ഷാരക്ഷകൾ കല്പിക്കേണ്ട രാജാവു്? ഇവനെ ഒന്നടക്കീട്ടു് വേറെ കാര്യം. ഞാൻ പറങ്കികളുമായി സഖ്യം ചെയ്തിരിക്കുന്നു. ഇനി ആ സംഗതി മറച്ചു വെക്കേണമെന്നു വിചാരിക്കുന്നില്ല

ഇളംക്രൂർ: സഖ്യം ചെയ്തുവെന്നു പറഞ്ഞതു് വാസ്തവമാണോ?

സാമൂ: അതെ.

ഇളംകൂർ: എന്നോട്ട് ഒരു വാക്കുപോലും ചോദിച്ചില്ലല്ലോ.

സാമൂതിരി: അതിന്നു സൌകര്യമായില്ല.

ഇളംകൂർ: സൌകര്യമായില്ലെങ്കിൽ വേണ്ട. എന്തിനാണ് ഇത്ര അടിയന്തരമായി സന്ധി ചെയ്തത്. അതെനിക്കറിയാമോ?

സാമൂതിരി: കുഞ്ഞാലിയെ അമർത്താൻ.

ഇളംകൂർ: അവമാനം! അവമാനം! കുഞ്ഞാലി അവിടുത്തെ ഒരു പ്രജ. അവനെ അമർത്താൻ കുന്നലക്കോനാതിരിക്കു പറങ്കികളുടെ സഹായം വേണമല്ലെ? അങ്ങനെയാണെങ്കിൽ അമ്മാമൻ എന്തിനു കിരീടം ധരിക്കുന്നു? സ്ഥാനം ഒഴിഞ്ഞേയ്ക്കൂ. നെടിയിരുപ്പു വംശത്തിന്റെ മാനം കളയേണ്ട.

സാമൂതിരി: (കോപത്തോടെ) എന്ത്! ആരോടാണു സംസാരിക്കുന്നതെന്നു മറന്നുപോയൊ? ഇനി നിന്നെ നമ്മുടെ നാട്ടിൽ കണ്ടുപോകരുത്. പോ പുറത്ത്.

ഇളംകൂർ: അവിടുന്ന് കല്പിച്ചില്ലെങ്കിലും ഞാൻ പോവാൻ ഒരുങ്ങി നില്ക്കുകയാണ്. അധർമ്മം നഗ്നമായി നൃത്തം ചെയ്യുന്ന ഈ നാട്ടിൽ എനിക്കിരുന്നു പൊറുക്കാൻ വയ്യ.

## രംഗം II

സ്ഥലം—സാമൂതിരി കോവിലകം.

(സാമൂതിരിയും പറങ്കിസേനാധിപതി തോമസും പ്രവേശിക്കുന്നു.)

സാമൂതിരി: തോമാസ്! എന്തവമാനമാണ് നിങ്ങൾ എനിക്കു വരുത്തിവെച്ചത്! ഈ കനത്ത ഭാരത്താൽ എന്റെ തല എന്നെന്നും ഉയരാത്തവണ്ണം താണുപോയി. സാധിക്കാത്തപക്ഷം അതിന്നു പുറപ്പെടേണ്ടിയിരുന്നില്ല. സാമൂതിരിയും, പറങ്കിയും ചേർന്നിട്ട് കുഞ്ഞാലിയെ കീഴടക്കാൻ കഴിഞ്ഞില്ലെന്നു വന്നാൽ അതിൽപ്പരം അവമാനമുണ്ടോ?

തോമസ്: യുദ്ധത്തിൽ തോൽവിയും ജയവും നേരിടുന്നതു സാധാരണയാണ്. കുഞ്ഞാലി നമ്മെ നല്ല ചതിയാണ് ചതിച്ചത്. നേരിട്ടു പോരിന്നുവന്നാൽ അവന്റെ കടൽപ്പട നമുക്ക് തകർത്തുകളയാമായിരുന്നു. പകൽ മുഴുവൻ നരിയെപ്പോലെ പതുങ്ങിയിരുന്ന് രാത്രി നമ്മുടെമേൽ ചാടിവീഴുകയല്ലെ ചെയ്തത്? ക്രൂരാക്രൂരിരുട്ടത്തു നമ്മുടെ കപ്പൽ മുഴുവൻ ആ കരിങ്കള്ളൻ മുക്കി.

സാമൂതിരി: ശത്രുവിന്റെ കൂടെ തന്ത്രങ്ങൾക്ക് മറുതന്ത്രങ്ങൾ പ്രയോഗിക്കാൻ അറിയുന്നവൻ മാത്രമെ യുദ്ധത്തിന്നു പുറപ്പെടാൻ പാടുള്ളൂ.

തോമസ്: അറിയാഞ്ഞിട്ടല്ല. ഇത്ര കരുതിയില്ല എന്നേ ഉള്ളൂ.

സാമൂതിരി: കടലിലും തോററു. കരയിലും തോററു. ഇങ്ങനെയൊരു മാനക്കേടു നമ്മുടെ സ്വരൂപത്തിന്നു ഇതുവരെ നേരിട്ടിട്ടില്ല.

തോമസ്: കടലിൽ തോററതിന്ന് ഞാനാണ് കുററക്കാരൻ, എന്നാൽ കരയിൽ തോററതിന്ന് ഉത്തരവാദിത്വം എനിക്കില്ല. അവിടുത്തെ പടയും പടനായകന്മാരും ആർക്കോ വേണ്ടി യുദ്ധം ചെയ്തിരുന്നപോലെയാണ് തോന്നിയത്. കുഞ്ഞാലിയോടു പൊരുതാൻ അവർക്കു അശേഷം മനസ്സു കണ്ടില്ല—ഉള്ളുകൊണ്ടു അവരെല്ലാം ശത്രുപക്ഷത്തിലാണ്.

സാമൂതിരി: കഴിഞ്ഞതൊക്കെ പോകട്ടെ. ഇനി വല്ലതും ഭാവമുണ്ടോ എന്നാണ് നമുക്ക് അറിയേണ്ടത്.

തോമസ്: എന്താ ഇത്ര സംശയം? ഈ തോൽവിയും സഹിച്ച് പറങ്കികൾ അടങ്ങിയിരിക്കുമെന്നാണൊ വിചാരിച്ചത്. ഉടനെത്തന്നെ ഇതിന്നുപകരം വീട്ടീട്ടില്ലെങ്കിൽ ഞാൻ ആണല്ല. തമ്പുരാൻ ഒരു കാര്യം മാത്രം ചെയ്യണം. കുഞ്ഞാലിയുടെ കപ്പലുകളുടെ ഗതാഗതങ്ങൾ അപ്പോഴപ്പോൾ നമുക്ക് അറിവു തരുവാൻ കഴിയുന്ന സമർത്ഥനായ ഒരു ചാരനെ തരണം. ഈ കാര്യം ഞാൻ എന്നു പറയാൻ തുടങ്ങിയതാണ്?

സാമൂതിരി: അതിന്നു വേണ്ട ഏർപ്പാടുകൾ ഞാൻ ചെയ്തിരിക്കുന്നു. ആരാ അവിടെ? ഇവിടെ വരു. തോമസ് നിന്നെ ഒന്നു കണ്ടുകൊള്ളട്ടെ

(ഒരു സ്ത്രീ പ്രവേശിക്കുന്നു.)

എന്താ തോമസ്, ഇവളെ അറിയുമൊ?

തോമസ്: ആരാ ഇത്, നമ്മുടെ ഫർനാണ്ടിസിന്റെ ഭാര്യയല്ലെ? എങ്ങനെയാണ് അവർ ഇവിടെ വന്നുചേർന്നത്? ദേഹം കുറച്ചു തടിച്ചിട്ടുണ്ട്. നിറം ഒന്നു മങ്ങിപ്പോയിരിക്കുന്നു. എങ്കിലും കണ്ടാലറിയാൻ പ്രയാസമില്ല.

സാമൂതിരി: നന്നായി, കുഞ്ഞികൃഷ്ണാ! ഇനി വേഷം അഴിക്കാം.

തോമസ്: ആരു, കുഞ്ഞികൃഷ്ണൻ നായരൊ? ഇതെന്തൊരു ജാലവിദ്യയാണ്?

സാമൂതിരി: മേരി ഒരു അന്തർജ്ജനമായിരുന്നു. അതു നിങ്ങൾ കേട്ടിട്ടുണ്ടോ?

തോമസ്: ഉവ്വ്.

സാമൂതിരി: ആ അന്തർജ്ജനത്തിന്റെ അച്ഛന് ഒരു നായർ സ്ത്രീയുമായി സംബന്ധം ഉണ്ടായിരുന്നു. അവരുടെ മകനാണ് കുഞ്ഞികൃഷ്ണൻ.

തോമസ്: ഇപ്പോൾ കാര്യം മനസ്സിലായി.

സാമൂതിരി: ഇവനെയാണ് ചാരനായി നിയോഗിച്ചിട്ടുള്ളത്.

തോമസ്: അതു വളരെ നന്നായി. ഈ പ്രാവശ്യം നമുക്കു ജയം നിശ്ചയമാണ്.

(തുടരും)

(9-ാം പേജിൽനിന്നു തുടർച്ച)

ഇനി വില്പന സംബന്ധിച്ചു ചില്ലറ വ്യാപാരികൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതായിരിക്കും. ഓരോ താലൂക്കിലും താഴെ ചേർത്ത മൂന്നുവിധം വില്പന ഡിപ്പോകൾ ഏർപ്പെടുത്തുന്നതാണ്:— ഓരോ അംശത്തിലേയും ധാന്യങ്ങൾ വിലകെട്ടുന്ന അതാതംശത്തിലെ വിതരണത്തിന്നാവശ്യമായവ സൂക്ഷിക്കുന്ന അംശം ഡിപ്പോകൾ; മിച്ചം വരുന്ന ധാന്യങ്ങൾ സൂക്ഷിക്കുന്നതിന്നു സൌകര്യംപോലെ നാലഞ്ചു അംശങ്ങൾ കൂടി ഓരോ ഗ്രൂപ്പ് ആയിത്തിരിച്ചു ഓരോ ഗ്രൂപ്പിലും ഓരോ സബ്ഡിപ്പോ; ഓരോ താലൂക്കു കേന്ദ്രത്തിലും ഓരോ താലൂക്കു ഡിപ്പൊ. ആദ്യം പറഞ്ഞ രണ്ടു ഡിപ്പോകളിലേയും ധാന്യങ്ങൾ വിററുതീർന്നാൽ താലൂക്കു ഡിപ്പോകളിൽനിന്നു അംശം ഡിപ്പോകളിലേക്കു നേരിട്ടു ധാന്യങ്ങൾ എത്തിച്ചുകൊടുക്കുന്നതാണ്. ഈ അംശം ഡിപ്പോ ഭാരവാഹികളുടെ കണക്കു പരിശോധിക്കുകയും, അതാതാഴ്ചയിലേക്കാവശ്യമായ ഇൻഡന്റുകൾ പാസ്സാക്കുകയും ചെയ്യുന്നതിന്നു താലൂക്കു റേഷനിങ്ങ് ആപ്പീസിലെ ഉദ്യോഗസ്ഥന്മാർ ആഴ്ചതോറും ഡെപ്പോകൾ സന്ദർശിക്കുന്നതായിരിക്കും. ഡിപ്പോ ഉടമസ്ഥന്നു തൽസംബന്ധമായി താലൂക്കു റേഷനിങ്ങ് ആഫീസിലേക്കു വരുന്നതിനുള്ള അസൌകര്യം ഇല്ലാതാക്കുന്നതിന്നാണ് ഈ ഏർപ്പാടു ചെയ്യുവാനുദ്ദേശിച്ചിട്ടുള്ളത്.

റേഷൻ സംബന്ധിച്ചു ഇവിടെ ക്യാമ്പു ചെയ്തുവരുന്ന സംസ്ഥാന റേഷൻ കൺട്രോളരുമായി "പൌരശക്തി" പ്രതിനിധി നടത്തിയ അഭിമുഖസംഭാഷണത്തിൽ, ഹോസ്റ്റലുകൾ, ബോർഡിങ്ങ് ഹൌസുകൾ ഇവക്കു റേഷൻ അനുവദിക്കുന്നതാണെന്നും, വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിന്നു റേഷൻ അനുവദിക്കുകയെന്ന പ്രശ്നത്തെപ്പററിയേടത്തോളം, പൊതുവായ റേഷനിങ്ങിനെപ്പററിയല്ലാതെ അത്തരം പ്രത്യേക ഇനങ്ങളെപ്പററി ആലോചിച്ചിട്ടില്ലെന്നും സന്ദർഭം വരുമ്പോൾ അതിനെപ്പററി ആലോചിക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. പൂളക്കിഴങ്ങ് മുതലായവ വിലകെട്ടലിലും, റേഷനിങ്ങിലും ഉൾപ്പെടുത്തുമൊ എന്നു ചോദിച്ചതിന്നു തൽക്കാലം ഭക്ഷണധാന്യങ്ങൾ മാത്രമാണ് പദ്ധതിയിലുൾപ്പെടുത്തീട്ടുള്ളതെന്നും, ആവശ്യം വരികയാണെങ്കിൽ പൂളക്കിഴങ്ങിന്റെയും മററും കാര്യം അപ്പോൾമാത്രം ആലോചിക്കുമെന്നും അദ്ദേഹം പ്രസ്താവിച്ചു.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.